(2011 ജനുവരി 6-ലെ ഭാരതീയ ഗസറ്റ്, അസാധാരണം, ഭാഗം 2, വിഭാഗം-3, ഉപവിഭാഗം (ii)-ൽ
**പ്രസിദ്ധപ്പെടുത്തുവാനുള്ളത്)**

**തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം**

**വനം പരിസ്ഥിതി മന്ത്രാലയം**

(പരിസ്ഥിതി, വനം, വന്യജീവി സംരക്ഷണ വകുപ്പ്)

എസ്.ഒ. 19 (E). 1986ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ ഉപവിഭാഗം (1), ഛേദം (5), മൂന്നാം വിഭാഗത്തിന്റെ അനുഛേദം (2) പ്രകാരം തീരദേശ നിരകളെ തീരദേശ നിയന്ത്രണ മേഖലയായി (CRZ) പ്രഖ്യാപിക്കുന്നതിലും, ഇത്തരം മേഖലകളിൽ വ്യവസായങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തന്നതിലും ഏതെങ്കിലും വിധത്തിലുള്ള ഏതിരഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ 2010 സെപ്തംബർ 15-നു പ്രസിദ്ധീകരിച്ച എസ്.ഓ. 2291 (E) നമ്പർ കരടു വിജ്ഞാപനം മുഖേന ക്ഷണിക്കുകയുണ്ടായി.

മേൽ പറഞ്ഞ ഗസറ്റ് ആയതിനാൽ 2010 സെപ്തംബർ 15-ന് പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുകയുമുണ്ടായി.

അതിൻ പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ, എതിരഭിപ്രായങ്ങൾ എന്നിവ കേന്ദ്ര സർക്കാർ പരിഗണിക്കുകയുമുണ്ടായി.

തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി വിഭാഗം, മറ്റു പ്രാദേശിക സമൂഹം എന്നിവരുടെ ജീവസന്ധാരണം ഉറപ്പാക്കുക, തീരനിരകളെ സംരക്ഷിച്ചു നിലനിർത്തുക, പരിസ്ഥിതിയും, സമുദ്ര മേഖലയും തനതായ രീതിയിൽ സംരക്ഷിക്കുക, തീരദേശങ്ങളിലെ പ്രകൃതിക്ഷോഭങ്ങളെ കണക്കിലെടുത്ത് ശാസ്ത്രീയ തത്വങ്ങൾക്കനുസൃതമായി വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ആഗോളതാപനം നിമിത്തം കടൽനിരപ്പ് ഉയരുന്ന രാജ്യത്തെ തീരദേശ നിരകൾ കണ്ടെത്തി, ആൻഡമാൻ-നിക്കോബർ, ലക്ഷദ്വീപ് എന്നീ ദ്വീപുകളും അവയുടെ ചുറ്റിലുമുള്ള ഭൂതല ജല പരിധി ഒഴികെ, അവയെ തീരദേശ നിയന്ത്രണ മേഖല (CRZ) യിൽ ഉൾപെടുത്തി അവിടങ്ങളിൽ വ്യവസായങ്ങൾ തുടങ്ങുന്നത്, നിലവിലുള്ളവ വികസിപ്പിക്കുന്നത്, 2009-ലെ ആപൽക്കര വസ്തുക്കൾ (കൈകാര്യം ചെയ്യൽ, പരിപാലനം, അതിർത്തിയാനന്തര ഗതാഗതം) നിയമപ്രകാരം നിർണയിക്കപ്പെട്ടിരിക്കുന്ന ആപൽക്കരമായ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനം, സംസ്ക്കരണം, ഉൽപാദനം, കൈകാര്യം ചെയ്യൽ, സൂക്ഷിപ്പ്, പുറന്തള്ളൽ എന്നിവ നിയന്ത്രിക്കുക മുതലായവ 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമം (1986ലെ 29) ഉപവിഭാഗം 1 വിഭാഗം ഒന്നിന്റെ ഉപവിഭാഗം (2)ലെ അനുഛേദം (5) പ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാരങ്ങൾ കേന്ദ്ര സർക്കാർ ഉപയോഗിക്കുവാൻ തീരമാനിച്ചിരിക്കുകയാണ്.

പരിസ്ഥിതി (സംരക്ഷണം) നിയമം 1986 വകുപ്പ് (ഡി) നിയമം (5)ന്റെ ഉപവിഭാഗം മൂന്ന് പ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാര പ്രകാരവും, 1991 ഫെബ്രുവരി 19-ലെ പരിസ്ഥിതി വന മന്ത്രാലയത്തിന്റെ എസ്.ഒ. 114 (E) നമ്പർ വിജ്ഞാപനം മരവിപ്പിച്ചുകൊണ്ടും, കേന്ദ്രസർക്കാർ ചുവടെ പറയുന്ന പ്രദേശങ്ങൾ ഇതിനാൽ സി.ആർ.ഇസഡ് (CRZ) ആയി പ്രഖ്യാപിക്കുകയും വിജ്ഞാപന തീയ്യതി മുതൽ ഈ പ്രദേശങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വ്യവസായങ്ങളുടെ വിപുലീകരണ പ്രവർത്തനം മുതലായവ താഴെ പറയുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുന്നതുമാണ്.

i) കടൽ മുഖത്തിന് വേലിയേറ്റ രേഖ (HTL) മുതൽ കരയുടെ ദിശയിലേക്ക് അഞ്ഞൂറു മീറ്റർ വരെയുള്ള ദൂരം.

ii) കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും, വേലിയേറ്റം-വേലിയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ ജലാശയങ്ങളിൽ വേലിയേറ്റരേഖ മുതൽ കരയുടെ ദിശയിലേയ്ക്ക് നൂറു മീറ്റർ വരെയുള്ള പ്രദേശം അഥവാ തീരത്തെ ചെറിയ കടലിടുക്കുകളുടെ വീതി ഏതാണ് കുറവെങ്കിൽ ആ പ്രദേശത്ത് സി.ആർ.ഇസഡ്

(CRZ) ബാധകമായിരിക്കും. കടലിലെ വേലിയേറ്റ സ്വാധീനം ബാധകമായ ജലാശയങ്ങളെയാണ് വേലിയേറ്റം-വേലിയിറക്കം സ്വാധീനിക്കപ്പെടുന്നവയുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നത്. വേലിയേറ്റ സ്വാധീനത്തിൽ പെടുന്ന അത്തരം ജലാശയങ്ങളിൽ എത്ര ദൂരം വരെ വികസനപ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നത് നിശ്ചയിച്ചിരിക്കുന്നത് എത്ര ദൂരം വരെ വേലിയേറ്റ സ്വാധീനം പ്രകടമാകുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരു വർഷത്തിൽ ഏറ്റവും വരണ്ട കാലങ്ങളിൽ ലവണസാന്ദ്രത അഞ്ച് പി.പി.റ്റി (ആയിരത്തിലൊരംശം) തിട്ടപ്പെടുത്തുകയും എത്ര ദൂരത്തോളം വേലിയേറ്റ സ്വാധീനം അനുഭവപ്പെടുന്നുണ്ടെന്നുമുള്ളത് കൃത്യമായി തിട്ടപ്പെടുത്തേണ്ടതും തീരമേഖലാ പരിപാലന പദ്ധതികൾക്കനുസരിച്ച് (CZMP) അടയാളപ്പെടുത്തേണ്ടതുമാണ്.

**വിശദീകരണം :** ഈ ഉപഖണ്ഡികയുടെ ആവശ്യാർത്ഥം വേലിയേറ്റ-വേലിയിറക്കം സ്വാധീനിക്കുന്ന ജലാശയം എന്ന് അർത്ഥമാക്കുന്നത് ഉൾക്കടൽ, അഴിമുഖങ്ങൾ, നദികൾ, കടലിടുക്കുകൾ, കായലുകൾ, ചതുപ്പുനിലങ്ങൾ, കടലിനെയോ ചെറു ഉൾക്കടലിനെയോ ബന്ധിപ്പിക്കുന്ന ജലാശയങ്ങൾ.

iii) ആപൽ സാധുതാ രേഖയ്ക്കും വേലിയേറ്റ രേഖയിൽ നിന്നും കരയിലേയ്ക്ക് 500 മീറ്റർ ദൂരത്തിലും കിടക്കുന്ന കരഭാഗമാണിത്. അഴിമുഖത്തിനും ആപൽ സാധ്യതാ രേഖയ്ക്കിടയിലും, വേലിയേറ്റ സ്വാധീന ജലാശയമാണെങ്കിൽ നൂറു മീറ്റർ രേഖ കരയുടെ ദിശയിൽ വേലിയേറ്റ രേഖയ്ക്ക് ആപൽ സാധ്യത രേഖയ്ക്കും മധ്യേവരുന്ന ഭൂഭാഗം: വേലിയേറ്റ ഇറക്കങ്ങൾ, തിരകൾ, കടലിലെ ജലനിരപ്പിന്റെ ഉയർച്ച, തീരരേഖയിലുണ്ടാവുന്ന മാറ്റങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർവ്വെ ഓഫ് ഇന്ത്യ (SOI) യുടെ സഹകരണത്തോടെ പരിസ്ഥിതി വനം മന്ത്രാലയം അടയാളപ്പെടുത്തുന്നതാണ് ആപൽ സാധ്യതാരേഖ.

iv) വേലിയേറ്റ രേഖയ്ക്കും വേലിയിറക്കരേഖയ്ക്കും മധ്യേ വരുന്ന ഭൂഭാഗത്തെയാണ് അന്തർവേലിയേറ്റ മേഖല എന്ന് വിവക്ഷിക്കുന്നത്.

v) കടലിനെ സംബന്ധിച്ചാണെങ്കിൽ വേലിയിറക്ക രേഖ മുതൽ ഉപരിതല ജലപരിധി (12 നോട്ടിക്കൽ മൈൽ) വരെയുള്ള ജലഭാഗവും, വേലിയേറ്റ സ്വാധീന ജലാശയങ്ങളുടെ കാര്യത്തിലാണെങ്കിൽ തീരത്തെ വേലിയിറക്കരേഖയ്ക്കും മറുവശത്തെ തീരത്തെ വേലിയിറക്കരേഖക്കുമിടയിലെ ജലവും അടിത്തട്ടും ഉൾപ്പെടുന്ന പ്രദേശം.

2. ഈ വിജ്ഞാപനത്തിന്റെ ആവശ്യങ്ങൾക്കായി വേലിയേറ്റ രേഖ എന്നത് സ്പ്രിംഗ് ടൈഡിന്റെ സമയത്ത് ജലനിരപ്പെത്തുന്ന ഏറ്റവും ഉയർന്ന രേഖ എന്നാണ് വിവക്ഷ. വേലിയേറ്റ രേഖ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരേ തോതിൽ രേഖപ്പെടുത്തേണ്ടതാണ്. അനുബന്ധം-1ൽ പറയുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയ രേഖപ്പെടുത്തൽ അതോറിറ്റി അല്ലെങ്കിൽ അതോറിറ്റികളാണ് ഇപ്രകാരം രേഖ അടയാളപ്പെടുത്തേണ്ടത്. ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ ഒരു വർഷത്തിനകം വേലിയേറ്റ രേഖ അടയാളപ്പെടുത്തേണ്ടതാണ്.

3. സി.ആർ.ഇസഡ്-ലെ നിരോധിത പ്രവർത്തനങ്ങൾ - താഴെ പറയുന്ന കാര്യങ്ങൾ സി.ആർ.ഇസഡ്-ലെ നിരോധിത പ്രവർത്തനങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നു.

i) ചുവടെ പറയുന്നവ ഒഴികെയുള്ള പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതും, നിലവിലുള്ള വികസിപ്പിക്കുന്നതും.

a) ജലമുഖവുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നതും അഥവാ തീരമുഖ സൗകര്യങ്ങൾ നേരിട്ട് ആവശ്യവുമായവ.

വിശദീകരണം: ഈ വിജ്ഞാപനത്താൽ അനുവദനീയമായവയും അവയുടെ പ്രവൃത്തികൾക്ക് ജലമുഖസൗകര്യങ്ങളായ തുറമുഖങ്ങൾ, ഹാർബറുകൾ, ജെട്ടികൾ, വാർഫുകൾ, മണ്ണൊലിപ്പു നിയന്ത്രണ ഉപാധികൾ, അലതാങ്ങികൾ, കുഴൽ നിരകൾ, ദീപസ്തംഭങ്ങൾ, ജലഗതാഗതസുരക്ഷാ സംവിധാനങ്ങൾ, തീരദേശ പോലീസ് സ്റ്റേഷനുകൾ എന്നിവ ആവശ്യമായി വരുന്നതുമായ സൗകര്യങ്ങളെയാണ് ''തീരമുഖ സൗകര്യങ്ങൾ'' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്.

b) ആണവോർജ്ജ വകുപ്പിന്റെ പദ്ധതികൾ

c) ആഘാത വിശകലന പഠനത്തിന് അനുസൃതമായി സി.ആർ.ഇസഡ് (i) ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനം, നിർലവണീകരണ പദ്ധതികൾ എന്നിവ.

d) നവീ മുംബൈയിൽ അനുവദിക്കപ്പെട്ട വിമാനത്താവളത്തിന്റെ പുരോഗമന പ്രവൃത്തികൾ

e) പ്രാദേശിക നഗര വികസന പദ്ധതിയുടെയോ ദേശീയ വികസന പദ്ധതിയുടെയോ നിയന്ത്രണങ്ങൾക്കനുസൃതമായി മത്സ്യബന്ധന തൊഴിലാളികളുൾപ്പെടെയുള്ള പ്രാദേശിക ജന സമൂഹത്തിന്റെ വാസ സൗകര്യത്തിനായുള്ള പുനർനിർമ്മാണം, അറ്റകുറ്റപണികൾ.

ii) പരിസ്ഥിതി വനം മന്ത്രാലയം പുറപ്പെടുവിച്ച 1989 ജൂലായ് 28-ലെ എസ്.ഒ. 594 (ഇ), 1989 നവംബർ 27-ലെ എസ്.ഒ. 966 (ഇ), 1989 ഡിസംബർ 5-ലെ ജീ.എസ്.ആർ. 1037. എന്നീ വിജ്ഞാപനങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള ആപൽസാധ്യതയുള്ള വസ്തുക്കളുടെ നിർമ്മാണം, കൈകാര്യം ചെയ്യൽ, സൂക്ഷിപ്പ്, പുറന്തള്ളൽ എന്നിവയിൽ ചുവടെ പറയുന്നവ ഒഴികെ.

a) കപ്പലുകളിൽ നിന്നും തുറമുഖങ്ങൾ, ടെർമിനലുകൾ റിഫൈനറികൾ എന്നിവയിലേയ്ക്കും തിരികെയും ആപൽ സാധ്യതയുള്ള വസ്തുക്കളുടെ കൈമാറ്റം.

b) ഈ വിജ്ഞാപനത്തിന്റെ അനുബന്ധം II ൽ വിശദമാക്കിയ വിധത്തിൽ പെട്രോളിയം ഉത്പന്നം, ദ്രവീകൃത പ്രകൃതിവാതകം എന്നിവ കൈപ്പറ്റുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ സി.ആർ.ഇസഡ് (1) ആണെന്ന് വേർതിരിക്കാത്ത മേഖലകളിൽ ദ്രവീകൃത പ്രകൃതിവാതകത്തിന്റെ പുനർവാതക നിർമ്മാണത്തിനാവശ്യമായ സൗകര്യങ്ങൾ, പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയത്തിലെ എണ്ണ വ്യവസായ സുരക്ഷാ ഡയറക്ടറേറ്റ് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷ നിബന്ധനങ്ങൾ, വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിസ്ഥിതി സംബന്ധിയായി പരിഷ്കരിച്ചതും പുനസ്ഥാപിക്കേണ്ടതുമായ രീതികൾ പ്രാബല്യത്തിൽ വരുത്തുവാൻ വനം-പരിസ്ഥിതി മന്ത്രാലയത്തിന് നിഷ്കർഷിക്കാവുന്നതാണ്.

അമോണിയ, ഫോസ്ഫോറിക് ആസിഡ്, ഗന്ധകം, സൾഫ്യൂറിക് ആസിഡ്, നൈട്രിക് ആസിഡ്, മുതലായവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ, വളങ്ങൾ എന്നിവ സ്വീകരിക്കുന്നതിനും സൂക്ഷിപ്പിനുമായി വേണ്ട സൗകര്യമൊരുക്കുവാൻ ആവശ്യമെങ്കിൽ ആയതിനായി സി.ആർ.ഇസഡ് (i) എന്ന് തരം തിരിച്ചിരിക്കുന്ന പ്രദേശത്തൊഴികെ അനുമതി നൽകാവുന്നതാണ്.

iii) പ്രകൃതീയമായ മത്സ്യം ഉണക്കൽ, ഹാച്ചറി ഒഴികെ അനുവദനീയ സ്ഥലങ്ങളിൽ വെയർഹൗസിംഗ് ഉൾപ്പെടെയുള്ള മത്സ്യ സംസ്കരണ പ്രക്രിയാ യൂണിറ്റുകളുടെ സ്ഥാപനവും, വിപുലീകരണവും.

iv) ഭൂമി വീണ്ടെടുക്കൽ, ബണ്ട് നിർമ്മാണം അഥവാ സ്വാഭാവിക സമുദ്രജല പ്രവാഹം തടസ്സപ്പെടുത്തൽ (താഴെ പറയുന്നവ ഒഴികെ)

a) തീരദേശ സൗകര്യങ്ങളായ തുറമുഖങ്ങൾ, ഹാർബറുകൾ, ജെട്ടികൾ, വാർഫുകൾ, കപ്പൽ തുറകൾ, സ്ലിപ്‌വേകൾ, പാലങ്ങൾ, കൃത്രിമപാതകൾ, തുടങ്ങിയവയുടെ നിർമ്മാണം, നവീകരണം അഥവാ വിപുലികരണം കൂടാതെ വിജ്ഞാപനം അനുവദിക്കുന്ന അവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനം.

b) പരിസ്ഥിതി ആഘാത നിർണയ പഠനവും (ഇ.ഐ.എ) ഉൾപ്പെടുന്ന ശാസ്ത്രീയ രീതികൾ അവലംബിച്ചുള്ള മണ്ണൊലിപ്പു തടയൽ.

c) ഇ.ഐ.എ. ആസ്പദമാക്കിയുള്ള ജലപാതകൾ, നീർച്ചാലുകൾ തുറമുഖങ്ങൾ എന്നിവയുടെ നടത്തിപ്പും, വൃത്തിയാക്കലും

d) മണൽത്തുണുകൾ തടയൽ, വേലിയേറ്റം-വേലിയിറക്ക നിയന്ത്രണ സാമഗ്രികളുടെ നിർമ്മിതി, മഴവെള്ളം ഒലിച്ചുപോവാനുള്ള ചാലുകളുടെ നിർമ്മിതി, ഉപ്പുവെള്ളം പ്രവേശിക്കുന്നതു തടയാനുള്ള നിർമ്മിതികൾ പരിസ്ഥിതി-വനം മന്ത്രാലയം അംഗീകരിച്ച ഏജൻസി വഴി നടത്തുന്ന ശുദ്ധജല പുനരുപയോഗം.

v) താഴെ പറയുന്ന സൗകര്യങ്ങൾക്കൊഴികെ പാഴ്‌വസ്തുക്കൾ അഥവാ മാലിന്യങ്ങൾ പുറന്തള്ളുന്നതിനാവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും:

a) 1974-ലെ ജല (മലിനീകരണം തടയൽ നിയന്ത്രണം) നിയമം (1974-ന്റെ 6) പ്രകാരമുള്ള അനുമതിയാൽ സംസ്കരിച്ച മാലിന്യങ്ങൾ ജല പ്രവാഹത്തിലേയ്ക്ക് നിക്ഷേപിക്കുന്നത്.

b) മഴ വെള്ള നിർഗമനപാതകളും, അവയുടെ പമ്പിംഗിനായുള്ള അനുബന്ധ നിർമ്മാണങ്ങളും.

c) സി.ആർ.ഇസഡ് 1 ഒഴികെയുള്ള സി.ആർ.ഇസഡ് മേഖലകളിൽ സ്ഥിതിചെയ്യുന്ന ഹോട്ടലുകൾ, ബീച്ച് റിസോർട്ടുകൾ, മനുഷ്യവാസമേഖലകൾ എന്നിവിടങ്ങളിൽ നിന്നുള്ള പാഴ്‌വസ്തുക്കളുടെയും, മാലിന്യങ്ങളുടെയും സംസ്കരണവും. സംസ്കരിച്ച പാഴ്‌വസ്തുകൾ, മാലിന്യങ്ങൾ എന്നിവയുടെ പുറന്തള്ളലും.

vi) വ്യവസായങ്ങൾ, നഗരങ്ങൾ, പട്ടണങ്ങൾ, മറ്റു മനുഷ്യവാസ മേഖലകൾ എന്നിവിടങ്ങളിൽ നിന്നും സംസ്കരിക്കാത്ത മാലിന്യവും, പാഴ്‌വസ്തുക്കളും പുറന്തള്ളുന്നത്: അത്തരം പ്രവൃത്തികൾ നിലവിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയ്യതി മുതൽ രണ്ടു വർഷത്തിനകം അവ അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്.

vii) ഭൂമി നികത്തുന്നതിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ നഗരം, പട്ടണം ഇവിടങ്ങളിലെ കെട്ടിട നിർമ്മാണാവശിഷ്ടങ്ങളായ പാഴ്‌വസ്തുക്കൾ, വ്യാവസായിക ഖരമാലിന്യങ്ങൾ, ചാരം എന്നിവ നിലവിൽ എവിടെയെങ്കിലും നിക്ഷേപിക്കുന്നുവെങ്കിൽ, അത്തരം പ്രവൃത്തികൾ ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയ്യതി മുതൽ ഒരു വർഷത്തിനകം അവസാനിപ്പിക്കേണ്ടതാണ്.

കുറിപ്പ്: ഖണ്ഡിക (v) (vi) യെ സംബന്ധിച്ച് പ്രവർത്തന പദ്ധതികളുടെ തയ്യാറാക്കൽ, അവയുടെ

നടപ്പിൽ വരുത്തൽ, സമയബന്ധിത നടപ്പാക്കൽ എന്നിവയ്ക്കായി വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരുകൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

viii) ശാസ്ത്രീയ പഠനത്തിനുശേഷം സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശ സർക്കാരുകളുടെ അനുമതിയോടെ. 2006-ലെ ഇ.ഐ.എ വിജ്ഞാപനത്തിൽ വനം-പരിസ്ഥിതി മന്ത്രാലയം തിരഞ്ഞെടുത്തതുമായ, തന്ത്ര പ്രധാനവും, പ്രതിരോധവുമായി ബന്ധപ്പെട്ടതുമായിട്ടുള്ള തീരദേശത്തിന്റെ നിരതന്നെ ആവശ്യമായി വരുന്ന തുറമുഖങ്ങൾ, ഹാർബറുകൾ എന്നിവയുടെ പദ്ധതികൾ.

ix) ഷോപ്പിംഗ്/ഹൗസിംഗ് കെട്ടിട സമുച്ചയങ്ങൾ, ഹോട്ടലുകൾ, വിനോദോപാധികൾ തുടങ്ങിയ വാണിജ്യാവശ്യങ്ങൾക്കായുള്ള നികത്തൽ.

x) താഴെ പറയുന്നവ ഒഴികെയുള്ള മണൽ-പാറ ഖനനം, മറ്റു ഉപ-ധാതുക്കളുടെ ഖനനം:-

a) സി.ആർ.ഇസഡ് പ്രദേശത്തിനു പുറത്ത് ലഭ്യമല്ലാത്ത അപൂർവ്വ ധാതുക്കൾ.

b) എണ്ണ - പ്രകൃതിവാതക പര്യവേഷണവും കുഴിച്ചെടുക്കലും.

xi) താഴെ പറയുന്നവയൊഴികെ, എച്ച്.റ്റി.എൽ-ൽ 200 മീറ്ററിനകത്ത് നിന്നും ഭൂഗർഭജലം എടുക്കുന്നതും അതിനായുള്ള നിർമ്മാണപ്രവർത്തനങ്ങളും.

a) പ്രാദേശിക ജനവിഭാഗം അധിവസിക്കുന്ന പ്രദേശങ്ങളിൽ അവരുടേതായ ഉപയോഗത്തിനായി മാത്രം.

b) മേഖലയുടെ 200 മീറ്ററിനും 500 മീറ്ററിനും ഇടയിലെ പ്രദേശത്ത് കുടിയ്ക്കുവാനും, കൃഷിയ്ക്കായും, മത്സ്യം വളർത്തുന്നതിനുമായി മറ്റൊരു വിധ സ്രോതസ്സ് ലഭ്യമല്ലാതിരിക്കെ മേൽപറഞ്ഞ കാര്യങ്ങൾക്കായി കിണർ നിർമ്മിക്കുവാൻ അനുമതി നൽകാവുന്നതാണ്.

കുറിപ്പ്: സമുദ്രജലത്തിന്റെ സാന്നിധ്യം ബാധിച്ച പ്രദേശങ്ങളിൽ സംസ്ഥാന - കേന്ദ്രഭരണ പ്രദേശ സർക്കാരുകൾ നിയോഗിച്ച അധികാരികൾക്ക് ഭൂഗർഭജലം എടുക്കുന്നതിന് നിരോധനം ഏർപ്പെടുത്താവുന്നതാണ്.

xii) ഈ വിജ്ഞാപനത്തിന്റെ എട്ടാം ഖണ്ഡികയിൽ പറയുന്നതൊഴികെയുള്ള സി.ആർ.ഇസഡ്-ലെ നിർമ്മാണ പ്രവർത്തനങ്ങൾ.

xiii) മണൽ തിട്ടകൾ, കുന്നുകൾ എന്നിവ അലങ്കരിക്കുകയോ, മാറ്റം വരുത്തുകയോ; രമണീയമാക്കുവാനായി പ്രകൃതി ഘടനയിൽ മാറ്റം വരുത്തുക, വിനോദം തുടങ്ങിയ മറ്റു കാര്യങ്ങൾക്കായി ഇവയിൽ മാറ്റം വരുത്തുക.

xiv) സമുദ്ര-തീരദേശ പോലീസ് സ്റ്റേഷനുകളുടെ പട്രോളിംഗ് / വിജിലൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ.

4. സി.ആർ.ഇസഡ് മേഖലയിലെ അനുവദനീയ പ്രവർത്തനങ്ങളുടെ നിയന്ത്രണം- മൂന്നാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളവയൊഴിയെ താഴെപറയുന്ന പ്രവൃത്തികൾ ഇതിനാൽ നിയന്ത്രിക്കാവുന്നതാണ്.

(i) a) ജലമുഖം അല്ലെങ്കിൽ തീരമേഖല സൗകര്യങ്ങൾ അത്യാവശ്യമായിവരുന്ന സി.ആർ.ഇസഡ് മേഖലയിലെ പ്രവർത്തനങ്ങൾക്കു മാത്രമേ അനുമതി നൽകുകയുള്ളു.

b) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതും പാരിസ്ഥിതിക-പ്രത്യാഘാത പഠന (ഇ.ഐ.എ) വിജ്ഞാപനം നമ്പർ എസ്.ഒ. 1533 (ഇ) (1996 സ്പതംബർ 14) ബാധകവുമായ പദ്ധതികൾക്ക് ഇ.ഐ.എ. വിജ്ഞാപന പ്രകാരമുള്ള അനുമതി മാത്രം മതിയെങ്കിലും അതാതു സംസ്ഥാന/കേന്ദ്രഭരണ പ്രദേശ തീരമേഖല പരിപാലന അതോറിറ്റി (സി.ഇസഡ്.എം.എ) ശുപാർശ ചെയ്തിരിക്കേണ്ടതാണ്.

c) ഈ വിജ്ഞാപനത്തിന്റെ 8-ാം ഖണ്ഡികയിൽ പരാമർശിച്ച സി.ആർ.ഇസഡ്-ലെ ഭവനനിർമ്മണ പദ്ധതികൾ.

d) സി.ആർ.ഇസഡ് II ലെ 20,000 ചതുരശ്ര മീറ്ററിലധികം വിസ്തീർണമുള്ള നിർമ്മണ പ്രവർത്ത നങ്ങൾ 2006-ലെ ഇ.ഐ.എ. വിജ്ഞാപനത്തിനനുസൃതമായി പരിഗണിക്കാവുന്നതാണ് 20,000 ചതുരശ്രമീറ്ററിൽ കുറഞ്ഞ വിസ്തീർണ്ണം ആവശ്യമായ നിർമ്മാണ പ്രവർത്തന പദ്ധതികൾ ഈ വിജ്ഞാപന പ്രകാരം ബന്ധപ്പെട്ട തീരമേഖലാ പരിപാലന അതോറിറ്റിയുടെ ശുപാർശയോടെ സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശ പ്ലാനിംഗ് അധികൃതകർക്ക് അനുമതി നൽകാവുന്നതാണ്. 2006-ലെ ഇ.ഐ.എ വിജ്ഞാപനം പ്രകാരം പരിസ്ഥിതി സംബന്ധിയായ തടസ്സങ്ങൾ നീക്കി അനുമതി ലഭ്യമാക്കുവാൻ അതതു സി.ഇസഡ്.എം.എ.യുടെ നേരത്തെയുള്ള ശുപാർശ ഉണ്ടായിരിക്കണം. അല്ലെങ്കിൽ അതതു പ്ലാനിംഗ് അധികൃതരുടെ അനുമതി ലഭ്യമായിരിക്കണം.

e) പദ്ധതി ബാധിക്കാവുന്ന ജനങ്ങളുടെ പൊതുവായുള്ള അഭിപ്രായങ്ങൾ ആരായേണ്ടതായ പദ്ധതികൾ പ്രത്യേകമായോ പൊതുവായോ ഉള്ള ആദേശം മുഖേന പരിസ്ഥിതി വനം മന്ത്രാലയത്തിന് അറിയിക്കാവുന്നതാണ്.

f) തുറമുഖങ്ങൾ, ഹാർബറുകൾ, ജെട്ടികൾ, വാർഫുകൾ, കപ്പൽതുറകൾ, സ്ലിപ്‌വേകൾ, കപ്പൽ നിർമ്മാണ ശാലകൾ, മണ്ണൊലിപ്പു നിയന്ത്രണ രീതികൾ എന്നിവയുടെ നിർമ്മാണവും നടത്തിപ്പും.

(ii) താഴെപ്പറയുന്ന പ്രവൃത്തികൾക്ക് പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്:

a) 2006-ലെ ഇ.ഐ.എ. വിജ്ഞാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ.

b) ആണവോർജ്ജ വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, പ്രതിരോധ വകുപ്പിന്റെ തരം തിരിച്ചിട്ടുള്ള പ്രവൃത്തി വിഭാഗം ഒഴികെ കടൽ തീരം ആവശ്യമായി വരുന്ന സ്ലിപ്‌വേകൾ, ജെട്ടികൾ, വാർഫുകൾ, കപ്പൽതുറകൾ തുടങ്ങിയവുമായി ബന്ധപ്പെട്ട പദ്ധതികൾ. 2006-ലെ ഇ.ഐ.എ. വിജ്ഞാപന പ്രകാരമുള്ള, തന്ത്രപരവും പ്രതിരോധ പദ്ധതികളുമായ, ഭവന നിർമ്മാണം, കാര്യാലയ കെട്ടിട്ടങ്ങൾ, ആശുപത്രി സമുച്ചയങ്ങൾ, വർക്ഷോപ്പുകൾ തുടങ്ങിയവ.

c) ദീപസ്തംഭങ്ങളുടെ (Light House) നിർമ്മാണവും നടത്തിപ്പും.

d) പൈപ്പ്‌ലൈനുകൾ, സംവഹന സംവിധാനങ്ങൾ എന്നിവയുടെ ഏർപ്പെടുത്തൽ.

e) എണ്ണ, പ്രകൃതിവാതക പര്യവേഷണവും, കുഴിച്ചെടുക്കലും കൂടാതെ, അതിനോടനുബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും അതിനുവേണ്ട സൗകര്യങ്ങളൊരുക്കലും.

f) അസംസ്കൃത വസ്തുക്കളുടെ ആഗമന-നിഗമനം, ശീതീകരിച്ച ജലം എടുക്കുവാനുള്ള സൗകര്യങ്ങൾ, സംസ്കരിച്ച പാഴ്ജലം പുറന്തള്ളൽ അഥവാ ആണവോർജ്ജ പ്ലാന്റുകളിൽ നടത്തുന്ന

ജല ശീതീകരണം ഇത്തരം കടൽമുഖം ആവശ്യമായി വരുന്ന പ്രവർത്തനങ്ങൾ. ഖണ്ഡിക4-ലെ (f), (g), (h)-ൽ പ്രസ്താവിച്ച പ്രകാരം പരിസ്ഥിതി വനം മന്ത്രാലയത്തിന് പദ്ധതികൾ തരം തിരിച്ച് പ്രസ്താവിക്കാവുന്നതാണ്.

g) ആണവോർജ്ജ വകുപ്പിന്റെ പട്ടികയിലുൾപ്പെട്ടിട്ടുള്ള വിരളമായ ധാതുമൂലകങ്ങളുടെ ഖനനം

h) പാരമ്പര്യേതര ഊർജ്ജശ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള സൗകര്യങ്ങൾ, നിർലവണീകരണ പ്ലാന്റുകൾ, കാലാവസ്ഥാ റഡാറുകളുടെ സ്ഥാപനം.

i) പുരാവസ്തുപരവും, ചരിത്രപരവുമായി പ്രാധാന്യമുള്ള കെട്ടിടങ്ങൾ; (ii) പൈതൃക മന്ദിരങ്ങൾ, ആരാധന, വിദ്യാഭ്യാസ, ആതുരശുശ്രൂഷ, സാംസ്കാരിക പ്രവർത്തനങ്ങൾ മുതലായവയ്ക്കായി ഉപയോഗിക്കുന്ന പൊതുവായ മന്ദിരങ്ങൾ എന്നിവയുടെ പൊളിച്ചുനീക്കലും, പുനർനിർമ്മാണവും.

4.2 അനുവദനീയ നിർമ്മാണ പ്രവർത്തനങ്ങളുടെ അനുമതിയ്ക്കുള്ള നടപടിക്രമങ്ങൾ-ഈ വിജ്ഞാപനം ബാധകമാവുന്ന എല്ലാ പദ്ധതികളും സി.ആർ.ഇസഡ്. ക്ലിയറൻസിന് താഴെ പറയുന്ന നടപടിക്രമങ്ങൾക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

i) പദ്ധതി അധികാരികൾ സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരം മുൻകൂർ അനുമതിയ്ക്കായി താഴെ പറയുന്ന രേഖകൾ ഉൾപ്പെടുത്തി അതതു സംസ്ഥാന/കേന്ദ്രഭരണ പ്രദേശ തീരദേശ മേഖലാ പരിപാലന അതോറിറ്റികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

a) ഫോറം-1 (വിജ്ഞാപനത്തിന്റെ അനുബന്ധം-4)

b) 4 (c), 4 (d) എന്നീ പട്ടികയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്ത സാമുദ്രിക-ഭൂതല ഘടകങ്ങൾ അടങ്ങുന്ന റാപ്പിഡ് ഇ.ഐ.എ. റിപ്പോർട്ട്.

c) സംസ്ഥാന സർക്കാരുകൾ കേന്ദ്ര ഭരണ പ്രദേശ അധികൃതർ എന്നിവരുമായി കൂടിയാലോചിച്ച് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി-വനം മന്ത്രാലയം വളരെ കുറഞ്ഞ നിലയിലോ, മധ്യമനിലയിലോ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തീര നിരകളായി തരം തിരിച്ചിട്ടുള്ളിടത്തെ പദ്ധതികളെ പറ്റിയുള്ള സമഗ്രവും സഞ്ചിതവുമായ ഇ.ഐ.എ പഠനം.

d) അപായ നിവാരണ പരിപാലന റിപ്പോർട്ട്, അപകട സാധ്യതാ റിപ്പോർട്ട് അതിന്റെ നിവാരണ പദ്ധതികളും.

e) ഒരു അംഗീകൃത ഏജൻസിയാൽ (ഖണ്ഡിക 2-ൽ പ്രസ്താവിച്ചത്) 1:4000 തോതിൽ വേലിയേറ്റ രേഖ വേലിയിറക്ക രേഖ എന്നിവ രേഖപ്പെടുത്തിയ സി.ആർ.ഇസഡ് ഭൂപടം.

f) മുകളിൽ പ്രസ്താവിച്ച (e) ഭൂപടത്തിൽ സൂപ്പർ ഇംപോസ്ചെയ്ത പദ്ധതിയുടെ ലേ ഓട്ട്.

g) പദ്ധതി പ്രദേശത്തിന്റെ ഏഴു കിലോമീറ്റർ ചുറ്റളവ് സി.ആർ.ഇസഡ് ഭൂപടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

h) ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതായ സി.ആർ.ഇസഡ് I, II, III മേഖലകൾ സി.ആർ.ഇസഡ് ഭൂപടത്തിലുണ്ടായിരിക്കേണ്ടതാണ്.

i) ദ്രാവക മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ, മറ്റുമാലിന്യങ്ങൾ മുതാലയവയുടെ സാന്നിധ്യമുണ്ടാകാവുന്ന പദ്ധതികൾക്ക് അതാതു സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര ഭരണ പ്രദേശ

അധികൃതരുടെ കീഴിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിക്കുന്ന ''നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്'' സമർപ്പിക്കേണ്ടതാണ്.

ii) അംഗീകൃത സി.ഇസഡ് എം.പി., സി.ആർ.ഇസഡ് വിജ്ഞാപനം എന്നിവ അനുസരിച്ച് മേൽ പറഞ്ഞ രേഖകൾ അതതു സി.ഇസഡ്.എം.എ. പരിശോധിക്കുകയും, പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷകൾ ലഭിച്ച് അറുപതു ദിവസത്തിനകം ശുപാർശ ചെയ്യേണ്ടതുമാണ്.

a) 2006 -ലെ ഇ.ഐ.എ. വിജ്ഞാപനം ബാധകമായ പദ്ധതികൾക്ക് പരിസ്ഥിതി-വനം മന്ത്രാലയമോ, സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണയ അതോറിറ്റിയോ (എസ്.ഇ.ഐ.എ.എ)

b) 2006 ലെ ഇ.ഐ.എ. വിജ്ഞാപനം ബാധകമാവാത്തതും എന്നാൽ സി.ആർ.ഇസഡ് വിജ്ഞാപനത്തിന്റെ ഖണ്ഡിക 4 (i) ബാധകമാവുന്ന പദ്ധതികൾക്ക് പരിസ്ഥിതി-വനം മന്ത്രാലയം.

iii) അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ബന്ധപ്പെട്ട സി.ഇസഡ്.എം.എ.യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അറുപതു ദിസവങ്ങൾക്കകം പരിസ്ഥിതി-വനം മന്ത്രാലയം അഥവാ എസ്.ഇ.ഐ.എ. പരിഗണിക്കുന്നതാണ്.

iv) സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ പെടുന്ന പദ്ധതികളുടെ നിർമ്മാണത്തിനും മറ്റുപ്രവർത്തനങ്ങൾക്കും അനുമതി ഉത്തരവുനൽകിയ ദിവസം മുതൽ അഞ്ചുവർഷ സാധുതയുള്ളതായിരിക്കും.

v) അനുമതിയനന്തര മേൽനോട്ടം -

a) മുൻകൂർ പാരിസ്ഥിതികാനുമതിയിൽ വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുവെന്ന അർദ്ധവാർഷിക റിപ്പോർട്ടുകൾ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് പദ്ധതി നടത്തിപ്പുകാർ ഓരോ കലണ്ടർ വർഷത്തിലും ജൂൺ ഒന്ന്, ഡിസംബർ ഒന്ന് എന്നീ തീയ്യതികളിൽ കർശനമായി കടലാസ് രേഖയായും കമ്പ്യൂട്ടർ അധിഷ്ഠിത സോഫ്റ്റ് പകർപ്പായും സമർപ്പിക്കേണ്ടതാണ്. ഈ അർദ്ധവാർഷിക റിപ്പോർട്ടുകൾ പൊതു പ്രവൃത്തി രംഗത്ത് പ്രസിദ്ധപ്പെടുത്തുകയും അതിന്റെ പകർപ്പുകൾ ഏതൊരാൾക്കും അതാതു സി.ഇസഡ്.എം.എ യിൽ അപേക്ഷിച്ചാൽ ലഭ്യമാക്കേണ്ടതുമാണ്.

b) പ്രസ്തുത റിപ്പോർട്ടുകൾ ബന്ധപ്പെട്ട നിയന്ത്രണ അതോറിറ്റിയുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്താവുന്നതാണ്.

vi) സി.ഇസഡ്.എം.എ യുടെ പ്രവർത്തനങ്ങളുടെ സുതാര്യത നിലനിർത്തുന്നതിനായി അർപ്പണ ബോധത്തോടെയുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കേണ്ട ചുമതല സി.ഇസഡ്.എം.എയുടേതാണ്. ഇതിൽ കാര്യക്രമങ്ങൾ, യോഗനടപടികൾ, തീരുമാനങ്ങൾ, അനുമതിരേഖകൾ, ലംഘനങ്ങൾ, ലംഘനങ്ങളിന്മേലുള്ള നടപടികൾ, ബഹുമാനപ്പെട്ട കോടതിയുടെയും, ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അഥവാ കേന്ദ്രഭരണ പ്രദേശങ്ങളിലെ സി.ഇസഡ്.എം.പി.യുടെയും ഓർഡറുകൾ ഉൾപ്പെടുന്ന കോടതികാര്യങ്ങൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

5. തീരദേശ മേഖലാ പരിപാലന പദ്ധതികളുടെ ഒരുക്കങ്ങൾ

i) തയ്യാറാക്കിയ തീരദേശ മേഖലാ പരിപാലന പദ്ധതികൾ (സി.ഇസഡ്.എം.പി) ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ അഥവാ കേന്ദ്ര ഭരണ പ്രദേശ അധികൃതർ മുഖേന പരിസ്ഥിതി വനം മന്ത്രാലയത്തിന് ലഭ്യമാക്കാവുന്നതാണ്.

ii) അംഗീകൃതവും പരിശീലന മികവുള്ളതുമായ ശാസ്ത്രീയ സ്ഥാപനങ്ങളെയോ, പരിസ്ഥിതി - വനം മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ സെന്റർ ഫോർ സസ്റ്റൈയ്നബ്ൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) പോലെയുള്ള ഏജൻസികളെ ഉത്തരവാദപ്പെടുത്തി, ബന്ധപ്പെട്ട മൂലധന നിക്ഷേപകരുമായി ചർച്ച നടത്തി സി.ഇസഡ്.എം.പി. തയ്യാറാക്കേണ്ടത് അതത് തീരദേശ സംസ്ഥാന സർക്കാർ അഥവാ കേന്ദ്ര ഭരണ പ്രദേശമാണ്.

iii) രാജ്യത്താകമാനമുള്ള തീരപ്രദേശങ്ങളെ സർവ്വെ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ പരിസ്ഥിതി വനം മന്ത്രാലയം അപായരേഖ അടയാളപ്പെടുത്തേണ്ടതാണ്. വേലിയേറ്റം, വേലിയിറക്കം, തിരമാലകൾ സമുദ്രനിരപ്പിന്റെ ഉയരം, തീരരേഖാ വ്യതിയാനങ്ങൾ എന്നിവ കണക്കിലെടുത്താണ് അപായരേഖ അടയാളപ്പെടുത്തേണ്ടത്.

iv) വേലിയേറ്റം വേലിയിറക്കം, തിരമാലകൾ, സമുദ്രനിരപ്പിന്റെ ഉയർച്ച എന്നിവ മൂലം അടുത്ത അമ്പതോ നൂറോ വർഷങ്ങളിൽ സംഭവിക്കുവാൻ സാധ്യതയുള്ള വെള്ളപ്പൊക്കം തിട്ടപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ വേലിയേറ്റ രേഖ (HTL) യിൽ നിന്ന് ഏഴു കിലോമീറ്റർ വരെ പരിധിയിൽ 0.5 മീറ്റർ ഇടവിട്ട് തീരരേഖയുടെ ബാഹ്യരേഖാഭൂപടം തയ്യാറാക്കണം. തീരരേഖ വ്യതിയാനങ്ങൾ അടയാളപ്പെടുത്തുവാൻ ചരിത്രരേഖകൾ അടിസ്ഥാനമാക്കി ഇതിനായി മുൻകാലങ്ങളിലെ ഉപഗ്രഹചിത്രങ്ങളും, ഏറ്റവും പുതിയതായി ലഭിച്ച ഉപഗ്രഹ ചിത്രങ്ങളും, ഏറ്റവും പുതിയതായി ലഭിച്ച ഉപഗ്രഹ ചിത്രങ്ങളും താരതമ്യ ചെയ്ത് നിഗമനങ്ങൾ നടത്താവുന്നതാണ്.

v) സ്ഥലമാനത്തിലുള്ള ഭൂപട നിർമ്മിതിക്കായി 1:25,000 എന്ന തോതിലുള്ള അളവും സൂക്ഷ്മമാനത്തിലുള്ള ഭൂപട നിർമ്മിതിക്ക് 1:10,000 എന്ന തോതിലുള്ളതോ അഥവാ കാഡസ്ട്രൽ തോതോ ഉപയോഗിക്കാമെങ്കിലും തീരദേശ മേഖലയുടെ ഭൂവിനിയോഗ പദ്ധതികൾ തയ്യാറാക്കുമ്പോൾ, ആപൽ രേഖ കൂടി കണക്കിലെടുക്കേണ്ടതാണ്.

vi) ഈ വിജ്ഞാപന തീയ്യതി മുതൽ ഇരുപത്തിനാല് മാസങ്ങൾക്കകം, വിജ്ഞാപനത്തിന്റെ അനുബന്ധം1 ൽ നിർദ്ദേശിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശവാസികളുമായുള്ള ചർച്ചകൾക്കുശേഷം, സി.ആർ.ഇസഡ് പ്രദേശങ്ങളെ തിരച്ചറിഞ്ഞും തരം തിരിച്ചു 1:25000 തോതിൽ ഭൂപടം അടങ്ങുന്ന കരടു സി.ഇസഡ്.എം പദ്ധതികൾ തയ്യാറാക്കേണ്ടത് അതാതു തീരദേശം ഉൾപ്പെടുന്ന സംസ്ഥാനമോ, കേന്ദ്രഭരണ പ്രദേശമോ ആണ്.

vii 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമ പ്രകാരം നിഷ്കർഷിച്ച നടപടിക്രമങ്ങൾക്കും, ശുപാർശകൾക്കും അനുസരിച്ച് തയ്യാറാക്കിയ കരടു സി.ഇസഡ്.എം പദ്ധതികൾ സംസ്ഥാന സർക്കാർ അഥവാ കേന്ദ്ര ഭരണ പ്രദേശ അധികൃതർ ബന്ധപ്പെട്ട സി.ഇസഡ്.എം.എ.യുടെ മൂല്യനിർണയത്തിനായി സമർപ്പിക്കേണ്ടതാണ്.

viii) സംസ്ഥാന സർക്കാർ അഥവാ കേന്ദ്രഭരണ പ്രദേശത്തിന്റെ സി.ഇസഡ്.എം.എ. പൊതു ജനങ്ങളിൽ നിന്നോ, മറ്റു ബന്ധപ്പെട്ടവരിൽ നിന്നോ ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ, എതിരഭിപ്രായങ്ങൾ സഹിതം കരടു സി.ഇസഡ്.എം. പദ്ധതിയിൽ തങ്ങളുടെ ശുപാർശകളടക്കം പരിസ്ഥിതി വനം മന്ത്രാലയത്തിന് ആറു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ix) പൂർണ്ണമായും സമർപ്പിക്കപ്പെട്ട സി.ഇസഡ്.എം പദ്ധതികൾ ലഭിച്ച തീയ്യതി മുതൽ നാലുമാസത്തിനകം പരിസ്ഥിതി-വന മന്ത്രാലയം അത് പരിഗണിക്കുകയും അനുമതി നൽകേണ്ടതുമാണ്.

x) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാവിധ വികസന പ്രവർത്തനങ്ങളും അനുമതി ലഭിച്ച സി.ഇസഡ്.എം. പദ്ധതികളുടെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് പ്രസ്തുത സംസ്ഥാന സർക്കാരോ, കേന്ദ്ര ഭരണ പ്രദേശഅധികാരികളോ തദ്ദേശ സ്വയം ഭരണ മേധാവികളോ, ബന്ധപ്പെട്ട സി.ഇസഡ്.എം.എ-യോ നിയന്ത്രിക്കേണ്ടതാണ്. മേൽപടി നിയന്ത്രണങ്ങൾ ഈ വിജ്ഞാപനത്തിന്റെ കരുതൽ നടപടികൾക്ക് അനുസരിച്ചായിരിക്കണം.

xi) സാധാരണ ഗതിയിൽ സി.ഇസഡ്.എം. പദ്ധതികൾ അഞ്ചു വർഷകാലാവധിക്കു മുമ്പ് ഭേദഗതികൾ വരുത്തുവാൻ പാടുള്ളതല്ല. അതിനുശേഷം പ്രസ്തുത സംസ്ഥാന സർക്കാരോ കേന്ദ്ര ഭരണ പ്രദേശ അധികൃതരോ ഭേദഗതികളോ, നവീകരണമോ ഭൂപടങ്ങളിൽ ആവശ്യമെന്നു തീരുമാനിക്കുകയാണെങ്കിൽ മുകളിൽ പ്രസ്താവിച്ച നടപടി ക്രമങ്ങൾക്കനുസരിച്ച് ചെയ്യാവുന്നതാണ്.

xii) 1991-ലെ സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരം ഒരിക്കൽ അനുമതി ലഭിച്ച സി.ഇസഡ്.എം. പദ്ധതികൾക്ക് ഇരുപത്തിനാല് മാസത്തെ കാലാവധിയാണുള്ളത്. എന്നാൽ മേൽപറഞ്ഞ കാലാവധി, വ്യവസ്ഥകളും നിബന്ധനകളും ഉൾപെടുത്തി, നീട്ടികൊടുത്തതായി പരിസ്ഥിതി-വന മന്ത്രാലയം പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ തുടരാവുന്നതാണ്.

6. **സി.ആർ.ഇസഡ് നടപ്പിലാക്കൽ, 2011-ലെ വിജ്ഞാപനം:**

a) ഈ വിജ്ഞാപനത്തിന്റെ കരുതൽ നടപടികളുടെ നിർവ്വഹണത്തിനും വ്യവസ്ഥകൾക്കനുസൃതമായി നടപ്പിലാക്കുന്നതിനുള്ള അധികാരം, ഒന്നുകിൽ പൂർണമായും അഥവാ പ്രാതിനിധ്യമായും, 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമ പ്രകാരം പരിസ്ഥിതി വനം മന്ത്രാലയം, സംസ്ഥാന സർക്കാർ/ കേന്ദ്രഭരണ പ്രദേശങ്ങളിലെ എൻ.സി.ഇസഡ്.എം.എ, എസ്.സി.ഇസഡ്.എം.എ. എന്നിവയ്ക്കായിരിക്കും.

b) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 1993-ലെ 664-ാം നമ്പർ റിട്ട് ഹർജിയുടെ ഉത്തരവു പ്രകാരം ദേശീയ തീരദേശമേഖലാ പരിപാലന അതോറിറ്റിയുടെയും (എൻ.സി.ഇസഡ്.എം.എ) സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സി.ഇസഡ്.എം.എയുടെയും രൂപീകരണം കാലാവധി, അധികാരം എന്നിവ വിജ്ഞാപനപ്പെടുത്തിയിട്ടുണ്ട്.

c) ഈ വിജ്ഞാപനത്തിന്റെ നിർവ്വഹണത്തിനും, മേൽനോട്ടത്തിനും സംസ്ഥാന/കേന്ദ്രഭരണ പ്രദേശ സി.ഇസഡ്.എം.എ. കൾക്കായിരിക്കും പ്രാഥമികമായ ഉത്തരവാദിത്തം. ഇതിനായി ജില്ലാ മജിസ്ട്രേട്ടിന്റെ അധ്യക്ഷതയിൽ മത്സ്യതൊഴിലാളി വിഭാഗം ഉൾപ്പെടുന്ന വിധത്തിൽ കുറഞ്ഞത് മൂന്ന് പ്രാദേശിക തീരദേശ വാസികളുടെ പ്രതിനിധികളുള്ള ജില്ലാതല സമിതികൾ സംസ്ഥാന/കേന്ദ്ര ഭരണപ്രദേശങ്ങളിൽ രൂപീകരിക്കേണ്ടതാണ്.

d) 1991-ലെ സി.ആർ.ഇസഡ്. വിജ്ഞാപനമനുസരിച്ച് മത്സ്യ തൊഴിലാളി സമൂഹം, ഗോത്ര സമൂഹം എന്നിവരുടെ താമസത്തിനായുള്ള സൗകര്യങ്ങൾ അനുവദനീയമാണ് എന്നാൽ പ്രസ്തുത വിജ്ഞാപന പ്രകാരം ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അനുമതി ലഭ്യമാക്കിട്ടില്ലാത്തവരുടെ കാര്യങ്ങൾ ബന്ധപ്പെട്ട കേന്ദ്ര ഭരണ പ്രദേശത്തെ സി.ഇസഡ്.എം.എ.കൾ പരിഗണിച്ച് താഴെ പറയുന്ന വ്യവസ്ഥകൾക്കനുസരിച്ച് നിയന്ത്രണമേർപ്പെടുത്താവുന്നതാണ്.

   i) വാണിജ്യ പ്രവർത്തനങ്ങൾക്കായുള്ള ഉപയോഗത്തിനല്ല.

   ii) പാരമ്പര്യേതര തീരദേശ സമൂഹത്തിന് വിൽക്കവാനോ കൈമാറ്റം ചെയ്യുവാനോ പാടുള്ളതല്ല.

**7. സി.ആർ.ഇസഡ്. തരം തിരിക്കൽ-തീരമേഖലയേയും സമുദ്രജലമേഖലയെയും നിലനിർത്തുകയും, സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സി.ആർ.ഇസഡ് പ്രദേശങ്ങളെ താഴെ കാണിച്ചിരിക്കുന്ന രീതിയിൽ തരം തിരിച്ചിരിക്കുന്നു.**

i) **സി.ആർ.ഇസഡ് I**

A. പാരിസ്ഥിതികമായി പ്രത്യേകതകളുള്ളതും, ഭൂരൂപവിജ്ഞാനീയ ഘടകങ്ങളാൽ തീരദേശ മേഖലയുടെ സംയോജികതയെ നില നിർത്തുന്നതിൽ പങ്ക് വഹിക്കുന്നതുമായ പ്രദേശങ്ങൾ.

a) കണ്ടൽക്കാടുകൾ, കണ്ടൽ മേഖലകൾ ആയിരം ചതുരശ്രമീറ്ററിലധികം വരുന്നുവെങ്കിൽ അൻപത് മീറ്റർ കരുതൽ മേഖല കൂടി ഇതിലുൾപ്പെടുത്തേണ്ടതാണ്.

b) പവിഴപ്പുറ്റുകളും, അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും, അവയോട് അനുബന്ധിച്ച ജൈവ വൈവിധ്യവും.

c) മണൽ കുന്നുകൾ

d) ജൈവപരമായി സചേതനമായ ചേർപരപ്പുകൾ

e) ദേശീയ ഉദ്യാനങ്ങൾ, സമുദ്രോദ്യാനങ്ങൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ കേന്ദ്രങ്ങൾ തുടങ്ങി 1972-ലെ വന്യജീവി (സംരക്ഷണം) നിയമം (1972-ലെ 53), 1980-ലെ വനം (പരിപാലനം) നിയമം (1980-ലെ 69) 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമം (1986-ലെ 29) എന്നിവയുടെ കരുതൽ നടപടികളിൽ പ്പെടുന്നവയും. സംരക്ഷിത ജൈവ സങ്കേതമുൾപ്പെടെയുള്ള മറ്റു പ്രദേശങ്ങളും.

f) ഉപ്പു കളങ്ങൾ/പാടങ്ങൾ

g) ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ.

h) ഹോഴ്സ് ഷൂ ഞണ്ടുകളുടെ ആവാസ സങ്കേതങ്ങൾ

i) കടൽ പായൽ തിട്ടകൾ

j) പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ

k) പൌരാണിക പ്രാധാന്യമുള്ള പ്രദേശങ്ങൾ, പൈതൃക സങ്കേതങ്ങൾ എന്നിവ.

B. **വേലിയേറ്റ-വേലിയിറക്ക രേഖകൾക്കിടയിലെ പ്രദേശം:**

ii) **സി.ആർ. ഇസഡ് II**

**തീരരേഖ വരെയോ, അതിനു വളരെയടുത്തുവരെയോ വികസനം നടത്തിയിട്ടുള്ള പ്രദേശങ്ങൾ**

**വിശദീകരണം :** മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിലവിൽ നിയമപരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും നല്ല നിലയിൽ രൂപികരിച്ചിട്ടുള്ളതും, അപ്രോച്ച് പാതകൾ, മലിനജല നിർഗമന സംവിധാനങ്ങൾ, എന്നിവയുള്ളതും, ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉള്ളതുമായ നഗര പ്രദേശങ്ങളെയാണ് ''വികസിത പ്രദേശം'' എന്നു വിവക്ഷിക്കുന്നത്.

iii) **സി.ആർ.ഇസഡ് III**

സി.ആർ. ഇസഡ് -I അഥവാ II എന്നിവയിൽ പെടാത്തതും താരതമ്യേന സ്വച്ഛവും, ഉൾപ്രദേശങ്ങളിലെ

തീരപ്രദേശ മേഖലകൾ ഉൾപ്പെടുന്നതും (വികസിതവും, അവികസിതവും), മുനിസിപ്പൽ പരിധിയിലെ പ്രദേശങ്ങളോ മറ്റു നിയമപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നഗര പ്രദേശങ്ങളിലോ, എന്നാൽ കാര്യമായ രീതിയിൽ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്ത പ്രദേശങ്ങൾ.

iv) **സി.ആർ.ഇസഡ് IV**

A. വേലിയിറക്ക രേഖയിൽ നിന്നും കടലിലേക്ക് പന്ത്രണ്ട് നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജല പ്രദേശം.

B. വേലിയേറ്റ -വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്ന സമുദ്ര ജലാശയമുഖം മുതൽ വേലിയേറ്റ വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്നതുവരെയുള്ള ജലപ്രദേശം. വർഷത്തെ ഏറ്റവും വരൾച്ച അനുഭവപ്പെടുന്ന സമയം ആയിരത്തിൽ അഞ്ചു ഭാഗം എന്ന് അളന്നാണ് വേലിയേറ്റ-വേലിയിറക്ക സ്വാധീനം കണക്കാക്കുന്നത്.

v) തീരദേശ പരിസ്ഥിതി സംരക്ഷണത്തിനും പ്രാദേശിക സമൂഹം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രത്യേകം പരിഗണന ആവശ്യമായി വരുന്ന പ്രദേശങ്ങൾ.

A. (i) ബൃഹത് മുംബൈയുടെ മുനിസിപ്പൽ പരിധിയിൽ വരുന്ന സി.ആർ.ഇസഡ് പ്രദേശം.

(ii) കേരളത്തിലെ കായലുകളും, കായൽത്തുരുത്തുകളും അടങ്ങുന്ന സി.ആർ.ഇസഡ് പ്രദേശങ്ങൾ.

iii) ഗോവയിലെ സി.ആർ.ഇസഡ് പ്രദേശങ്ങൾ.

B. പശ്ചിമബംഗാളിലെ സുന്ദർബൻ മേഖലപോലെ വിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന തീരപ്രദേശങ്ങൾ (സി.വി.സി.എ), 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമം തിരിച്ചറിഞ്ഞിട്ടുള്ളതും, പാരിസ്ഥിതികമായി വളരെ സചേതനമായതും മത്സ്യബന്ധന സമൂഹമുൾക്കൊള്ളുന്ന തീരദേശ വിഭാഗങ്ങളുടെ സഹകരണത്തോടെ പരിപാലനം ചെയ്യുന്നതുമായ പ്രദേശങ്ങൾ

**8. ഈ വിജ്ഞാപനത്തിൽ അനുവദനീയമായ പ്രവർത്തനങ്ങളുടെ നിയന്ത്രണ മാനദണ്ഡങ്ങൾ.**

(i) താഴെ കാണിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസൃതമായി വിവിധ വിഭാഗങ്ങളിൽ പെടുന്ന സി.ആർ.ഇസഡ്-ലെ വികസന, നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സി.ഇസഡ്.എം.എ. നിയന്ത്രിക്കേണ്ടതാണ്.

കുറിപ്പ്: നിലവിലുള്ള വിവിധ സ്വഭാവങ്ങൾ, ക്രമാനുസൃതമാക്കൽ, അല്ലെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങൾ എന്നിവ അർത്ഥമാക്കുന്നത് 19-02-1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിലവിലെ സ്വഭാവങ്ങൾ, ക്രമാനുസൃതമാക്കൽ മാനദണ്ഡങ്ങൾ എന്നിവയാണ്.

**സി.ആർ.ഇസഡ്-I**

i) ചുവടെ കാണിച്ചിരിക്കുന്നവയൊഴികെയുള്ള യാതൊരു വിധ പുതിയ നിർമ്മാണ പ്രവർത്തനങ്ങളും സി.ആർ.ഇസഡിൽ അനുവദിക്കുന്നതല്ല.

a) ആണവോർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

b) കുഴൽ നിരകൾ, സംപ്രേഷണ നിരകളുൾപ്പെടുന്ന ആശയവിനിമയ സാമഗ്രികൾ

c) സി.ആർ.ഇസഡ്-1ൽ അനുവദനീയമായ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ

d) ചുഴലിക്കൊടുങ്കാറ്റുകളുടെ നീക്കങ്ങൾ വിലയിരുത്തുന്നതിനും, ഭാരതീയ കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥ പ്രവചനത്തിനുമായുള്ള കാലാവസ്ഥ റഡാർ സ്ഥാപിക്കൽ.

e) വേലിയേറ്റ വേലിയിറക്ക രേഖകൾക്കിടയിലെ വെള്ളത്തിന്റെ ഒഴുക്കിനെ ബാധിക്കാതെ കടലിനെയും ഹാർബറിനെയും ബന്ധിപ്പിക്കുന്ന നിർമ്മാണങ്ങൾ.

f) നേരത്തെ അനുവദനീയമായ നവി മുംബൈയിലെ ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ.

ii) വേലിയേറ്റ-വേലിയിറക്ക രേഖകൾക്കിടയിൽ പാരിസ്ഥിതികമായി ദുർബലമല്ലാത്തതും പ്രധാനമല്ലാത്ത തുമായ പ്രദേശങ്ങളിൽ, വേണ്ട വിധത്തിലുള്ള സുരക്ഷാമാർഗ്ഗങ്ങളവലംബിച്ചുകൊണ്ട് താഴെ കാണി ക്കുന്നവയ്ക്ക് അനുമതി നൽകാവുന്നതാണ്.

a) പ്രകൃതിവാതക പര്യവേഷണവും, ശേഖരണവും

b) സംരക്ഷിത ജൈവമണ്ഡലങ്ങളിൽ പരമ്പരാഗതമായി അധിവസിച്ചുവരുന്ന ജനവിഭാഗങ്ങളുടെ ആവശ്യത്തിനായി ബന്ധപ്പെട്ട സി.ഇസഡ്.എം.എയുടെ അനുമതിയോടെ ചികിത്സാലയങ്ങൾ, പാഠശാലകൾ, പൊതുമഴമറകൾ, ശൗചാലയങ്ങൾ, പാലങ്ങൾ, പാതകകൾ, ജെട്ടികൾ, ശുദ്ധജലവിതരണ സംവിധാനങ്ങൾ, അഴുക്കുചാലുകൾ മുതലായവയുടെ നിർമ്മാണം.

c) അപായമേഖലയിലുൾപ്പെട്ട പ്രദേശങ്ങളിൽ ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ അനിവാര്യമായ സുരക്ഷാ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

d) കടൽ വെള്ളം സൗരോർജ്ജത്താൽ വറ്റിച്ച് ഉപ്പുണ്ടാക്കുന്ന പ്രക്രിയ.

e) നിർലവണീകരണ പ്ലാന്റുകൾ

f) വിജ്ഞാപിത തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ ധാന്യങ്ങൾ തുടങ്ങിയ അപായക രമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

g) വേലിയേറ്റ-വേലിയിറക്കത്തിലെ ജലത്തിന്റെ ഒഴുക്കിനെ ബാധിക്കാത്ത വിധത്തിൽ കടലിനെയും, ഹാർബറിനെയും ബന്ധിപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, തൂണുകളിലോ പൊയ്ക്കാലുക ളിലോ പാതകൾ നിർമ്മിക്കൽ.

II സി.ആർ.ഇസഡ് II

i) നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേക്കോ, അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളു.

ii) നിലവിലുള്ളതോ നിർദ്ദിഷ്ടമായതോ ആയ പാതകളിൽ നിന്നും നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേയ്ക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള പ്രാദേശിക നഗര/ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം. അതിൽ നിലവിലുള്ള തറ വിസ്തൃതി സൂചിക അഥവാ തറ വിസതൃതി അനുപാതത്തിന്റെ മാനദണ്ഡങ്ങൾ ഉൾപ്പെട്ടിരിക്കണം.

നിലവിലുള്ള പാതയുടെ കടൽ ഭാഗത്തേക്ക് നിർമ്മിച്ചിരിക്കുന്ന ഏതെങ്കിലും പുതിയ പാതകളുണ്ടെങ്കിൽ അവയുടെ കരഭാഗത്തേക്ക് കെട്ടിടങ്ങളുടെ നിർമ്മാണാനുമതി നൽകുന്നതല്ല.

iii) നിലവിലുള്ള തറ വിസ്തൃതി സൂചിക/തറ വിസ്തൃതി അനുപാത മാനദണ്ഡങ്ങൾക്കനുസൃതമായും, നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത നിർമ്മിതികൾക്ക് പുനർനിർമ്മാണം അനുവദനീയമാണ്.

iv) പെട്രോളിയം ഉൽപന്നങ്ങളുടെയും ദ്രവീകൃത പ്രകൃതിവാതകത്തിന്റെയും സ്വീകരണ-സംഭരണ സൗകര്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ അനുബന്ധം II ൽ പ്രതിപാദിച്ച രീതിയിലും, ദ്രവീകൃത പ്രകൃതി വാതകത്തിന്റെ പുനർ വാതകീകരണത്തിനുള്ള സൗകര്യങ്ങൾ ഖണ്ഡിക 3-ൽ ഉപ ഖണ്ഡിക (ii) ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കുകയും വേണം.

v) നിർലവണീകരണ പ്ലാന്റുകളും അനുബന്ധ സൗകര്യങ്ങളും.

vi) വിജ്ഞാപിത തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

vii) പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുക, അവയുടെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക.

III) **സി.ആർ.ഇസഡ് III**

A. സമുദ്ര മുഖത്തു നിന്നുള്ള കാര്യത്തിൽ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേക്ക് ഇരുന്നൂറു മീറ്റർ വരെയുള്ള പ്രദേശവും വേലിയേറ്റ-വേലിയിറക്ക സ്വാധീന ജലാശയത്തിന്റെ നൂറു മീറ്റർ ദൂരമോ, ചെറുഉൾകടലുകളുടെ വീതിയോ ഏതാണ് കുറവ് വരുന്ന പ്രദേശം ആ പ്രദേശത്തെ 'വികസന നിഷിദ്ധ മേഖല' (എൻ.ഡി.ഇസഡ്) ആയി നിജപ്പെടുത്തേണ്ടതാണ്.

(i) വിജ്ഞാപിത തുറമുഖ പരിധിയിൽ വരുന്ന പ്രദേശത്തിന് 'വികസന നിഷിദ്ധ മേഖല' (എൻ.ഡി.ഇസഡ്) ബാധകമാവുകയില്ല.

(ii) നിലവിലുള്ള അംഗീകൃത നിർമ്മിതികളുടെ, നിലവിലുള്ള തറവിസ്തൃത സൂചിക, സ്തംഭ പാദം, സാന്ദ്രത എന്നിവയ്ക്ക് മാറ്റമില്ലാതെ അവയുടെ അറ്റകുറ്റപ്പണികളോ, പുനർനിർമ്മാണമോ, വിജ്ഞാപനത്തിൽ അനുമതി നിൽകിയ പ്രവർത്തനങ്ങളോ ഇത്തരം പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സൗകര്യങ്ങളൊരുക്കുന്നതുമല്ലാതെ മറ്റൊരു നിർമ്മാണ പ്രവർത്തനങ്ങളും എ.ഡി.ഇസഡ്-ൽ അനുവദനീയമല്ല. മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിന് വേലിയേറ്റ രേഖയിൽ നിന്നും നൂറു മുതൽ ഇരുനൂറു മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/ പുനർനിർമ്മിതിയോ ചെയ്യുവാൻ അനുമതി നൽകാവുന്നതാണ്. ഈ നിർമ്മിതി പാരമ്പര്യ തീരദേശ സമൂഹവുമായി ചർച്ചചെയ്ത്, ആപൽ പരിപാലന കരുതൽ നടപടികൾ, ശുചികരണ നടപടികൾ എന്നിവ ഉൾക്കൊള്ളിച്ച് ഒരു വിശദമായ പദ്ധതി, സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശം തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണ പ്രദേശത്തെ സി.ഇസഡ്.എം.എ.യുടെ ശുപാർശയോടുകൂടി പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി എൻ.സി.ഇസഡ് എം.എ.യ്ക്ക് സമർപ്പിക്കേണ്ടതാണ്.

(iii) എന്നിരുന്നാലും താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ എൻ.ഡി.ഇസഡ്-ൽ അനുവദനീയമാണ്.

a) കൃഷി, പുഷ്പ ഫല സസ്യ പരിപാലനം, ഉദ്യാനങ്ങൾ, മേച്ചിൽ പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, വന വൽക്കരണം.

b) ആണവോർജ്ജ വകുപ്പിന്റെ പദ്ധതികൾ.

c) അപൂർവ്വ ധാതുക്കളുടെ ഖനനം

d) കടൽ വെള്ളത്തിൽ നിന്നും ഉപ്പുണ്ടാക്കൽ

e) അനുബന്ധം II-ൽ പ്രതിപാദിച്ച പ്രകാരം പെട്രോളിയം ഉത്പന്നങ്ങൾ, ദ്രവീകൃത പ്രകൃതിവാതകം എന്നിവയുടെ സ്വീകരിക്കലിനു സൂക്ഷിപ്പും.

f) ഖണ്ഡിക-3, ഉപഖണ്ഡിക (II)ൽ സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം ദ്രവീകൃത പ്രകൃതി വാതകത്തിന്റെ പുന:വാതകീകരണത്തിനുള്ള സൗകര്യങ്ങൾ

g) പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ

h) നിർലവണീകരണ പ്ലാന്റുകൾക്കും അവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾക്കുമായി തീരത്തിനു മുമ്പു ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ.

i) കാലാവസ്ഥ റഡാറുകൾ

j) പ്രാദേശിക നിവാസികളുടെ ആവശ്യത്തിനായി ശുശ്രൂഷാ കേന്ദ്രങ്ങൾ, പാഠശാലകൾ, പൊതു മഴമറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, പാതകൾ, ജലവിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ, അഴുക്കുചാലുകൾ, ശ്മശാനങ്ങൾ, സെമിത്തേരികൾ, വൈദ്യുതി ഉപകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം സി.ഇസഡ്.എം.എ. ഓരോ പദ്ധതിയും പ്രത്യേകമായി അനുവദിക്കാവുന്നതാണ്.

k) തദ്ദേശ മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ, സമിതിയുടെയോ മുൻകൂർ അനുമതിയോടു കൂടി ഗാർഹിക മലിനജല സംസ്കരണവും പുറന്തള്ളലിനുമായി നിർമ്മിക്കുന്ന യൂണിറ്റുകൾ അവയുടെ സഹായത്തിനായുള്ള നിർമ്മിതികൾ.

l) തദ്ദേശ മത്സ്യത്തൊഴിലാളി സമൂഹത്തിനാവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവ.

m) നവീ മുംബൈയിൽ മാത്രം നേരത്തെ അനുവാദം നൽകിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ.

B) 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള പ്രദേശം താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ മേൽപറഞ്ഞ പ്രദേശങ്ങളിൽ അനുവദനീയമാണ്.

i) അനുബന്ധം III-ൽ പ്രസ്താവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായി മേൽപറഞ്ഞ പ്രദേശങ്ങളിലെ ഒഴിവായിട്ടിരിക്കുന്ന സ്ഥലത്ത് വിനോദ

സഞ്ചാരികൾ, സന്ദർശകർ എന്നിവരുടെ സൗകര്യാർത്ഥം ഹോട്ടലുകളോ, കടൽതീര റിസോർട്ടുകളോ നിർമ്മിക്കുന്ന വികസന പ്രവർത്തനങ്ങൾ.

ii) അനുബന്ധം III-ൽ അനുശാസിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പെട്രോളിയം ഉത്പന്നങ്ങൾ, ദ്രവീകൃത പ്രകൃതിവാതകം എന്നിവയുടെ സ്വീകരിക്കുവാനും സൂക്ഷിപ്പിനായുമുള്ള സൗകര്യങ്ങൾ.

iii) ഖണ്ഡിക 3, ഉപഖണ്ഡിക (II)-ൽ സൂചിപ്പിച്ച വ്യവസ്ഥകൾക്കനുസരിച്ച് ദ്രവീകൃത പ്രകൃതി വാതകത്തിന്റെ പുന:വാതകീകരണത്തിനുള്ള സൗകര്യങ്ങൾ.

iv) വിജ്ഞാപിത തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

v) നിർലവണീകരണ പ്ലാന്റുകൾക്കും അവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾക്കുമായി തീരത്തിനുമുൻപ് ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ.

vi) പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുവാൻ വേണ്ട സൗകര്യങ്ങൾ

vii) പരമ്പരാഗത അവകാശമുള്ളതും നാട്ടുനടപ്പനുസരിച്ച് ഉപയോഗത്തിലുള്ളതുമായ മത്സ്യബന്ധന ഗ്രാമങ്ങളുടെയും സങ്കേതങ്ങളുടെയും പരിധിക്കുള്ളിലെ വാസസ്ഥലങ്ങളുടെ നിർമ്മാണമോ പുനർനിർമ്മാണമോ. ഇത്തരം നിർമ്മാണ- പുനർനിർമ്മാണത്തിനുള്ള കെട്ടിടാനുമതി ലഭിക്കുവാൻ പ്രാദേശിക നഗര / ദേശീയ പദ്ധതി നിയമമനുസരിച്ച് രണ്ടു നിലകളിലായി (താഴത്തെ നിലയും, ഒന്നാം നിലയും) ഉയരം ഒമ്പത് മീറ്ററിൽ കൂടുവാൻ പാടുള്ളതല്ല.

viii) പൊതു മഴ മറകൾ, പൊതു ശൗചാലയങ്ങൾ, ജലവിതരണം, അഴുക്കുചാലുകൾ, പാതകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം. ഏതെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും സി.ആർ.ഇസഡ്-ൽ ഉൾപ്പെടുകയും അവിടെ പാഠശാലകൾ, ചികിത്സാലയങ്ങൾ എന്നിവ തദ്ദേശവാസികളുടെ ഉപയോഗാർത്ഥം നിർമ്മിക്കുവാൻ മറ്റിടങ്ങളിൽ സൗകര്യമില്ലാതെ വരികയും ചെയ്താൽ, അവ പ്രസ്തുത പ്രദേശത്ത് നിർമ്മിക്കുവാനുള്ള അനുമതിയും സി.ഇസഡ്, എം.എ-യ്ക്ക് നൽകാവുന്നതാണ്.

ix) ഉപഖണ്ഡിക (vii), (viii) പ്രകാരം നിലവിലുള്ള അംഗീകൃത കെട്ടിടത്തിന്റെ പുനർനിർമ്മാണമോ, നവീകരണമോ.

x) നവീ മുംബൈയിൽ മാത്രം നേരത്തെ അനുമതി നൽകിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ വികസനം.

## IV. സി.ആർ.ഇസഡ്- IV പ്രദേശങ്ങളിൽ:

പ്രാദേശിക ജനവിഭാഗങ്ങളുടെ പാരമ്പര്യ മത്സ്യബന്ധനം, അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ ഒഴികെ, കടലിനും, വേലിയേറ്റ-വേലിയിറക്ക സ്വാധീനമുള്ള ജലാശയങ്ങളിലും ദോഷകരമാവുന്ന താഴെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാകുന്നു.

a) സംസ്കരിച്ചിട്ടില്ലാത്ത മലിനജലം, മറ്റു അഴുക്കുകൾ, ബാലസ്റ്റ് ജലം, കപ്പലുകൾ കഴുകിയ

അവശിഷ്ടങ്ങൾ, ചാരം, ജലസംസ്കരണ പ്രവർത്തനങ്ങളാൽ ഉണ്ടാകുന്ന എല്ലാവിധ ഖര മാലിന്യങ്ങളും പുറന്തള്ളുകയോ കൂന കൂട്ടിയിടുകയോ ചെയ്യുവാൻ പാടുള്ളതല്ല. തീരദേശ നഗരങ്ങൾ/പട്ടണങ്ങൾ എന്നിവയിൽ നിന്ന് നിർഗമിക്കുന്ന മലിനജല സംസ്കരണത്തിന് ഒരു സമഗ്രപദ്ധതി, പാരമ്പര്യ മത്സ്യ ബന്ധന തൊഴിലാളി സമൂഹം, തീരദേശ സമൂഹം എന്നിവരുമായി ചർച്ച ചെയ്ത് ഒരു വർഷത്തിനകം രൂപകൽപന ചെയ്ത് നടപ്പാക്കേണ്ടതാണ്.

b) എണ്ണ-വാതക പര്യവേഷണം, കുഴിച്ചെടുക്കൽ, ഖനനം, കപ്പൽ-ബോട്ട് ശാലകൾ എന്നിവ മുഖാന്തിരമുണ്ടാകുന്ന മലിനീകരണം.

c) പ്രദേശിക ജന സമൂഹം നടത്തിവരുന്ന പാരമ്പര്യ മത്സ്യബന്ധനം, അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നിയന്ത്രണമുണ്ടായിരിക്കുന്നതല്ല.

v) **പ്രത്യേക പരിഗണന അനിവാര്യമായ പ്രദേശങ്ങൾ**

1. ബൃഹത് മുംബൈയുടെ മുനിസിപ്പൽ പരിധിയിൽപെടുന്ന സി.ആർ.ഇസഡ്.

i) അസംസ്കൃത ദ്രവ്യമാലിന്യങ്ങളുടെ നിർഗമനവും, ഖര മാലിന്യങ്ങളുടെ പറന്തള്ളലും നിമിത്തമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, കണ്ടൽക്കാടുകളുടെ ശോഷണം, തീരദേശ ജലാശയങ്ങളുടെയും, ചെറു ഉൾക്കടലുകളുടെയും മലിനീകരണം, സമൂഹത്തിലെ താഴെ തട്ടിൽ ഉള്ള ജനവിഭാഗങ്ങൾക്ക് ബൃഹത്മുംബൈയോടു തൊട്ടുകിടക്കുന്ന ദ്വീപുകളിലോ യോജിച്ച സൗകര്യങ്ങളുടെ അഭാവം മൂലം ഭേദപ്പെട്ട രീതിയിലുള്ള ഭവന സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയുള്ള ബൃഹത് മുംബൈയിലെ സി.ആർ.ഇസഡ്- പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ താഴെ പ്രതിപാദിക്കുന്ന വിധത്തിൽ നിയന്ത്രിക്കാവുന്നതാണ്.

A) പാതകളുടെ നിർമ്മാണം - താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏഴാം ഖണ്ഡികയുടെ ഒന്നാം ഉപഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം സി.ആർ. ഇസഡിൽ ചെയ്യാവുന്നതാണ്.

a) ബൃഹത് മുംബൈയുടെ വികസന പദ്ധതിയാൽ അനുമതി ലഭിച്ചിട്ടുള്ള പാതകൾ, അപ്രോച്ച് പാതകൾ, ലിങ്ക് പാതകൾ എന്നിവയുടെ നിർമ്മാണം വേലിയേറ്റ-വേലിയിറക്ക ജലഗതിയെ ബാധിക്കുന്നില്ലെന്നു ഉറപ്പുവരുത്തി, തൂണുകളിലാണ് നിർമ്മിക്കേണ്ടത്. ഈ വിധത്തിൽ നിർമ്മിക്കുന്ന പാതകൾ, അപ്രോച്ച് പാതകൾ കരയുടെ ഭാഗത്തേക്കുള്ള സി.ആർ.ഇസഡ്-IIന്റെ ഗുണങ്ങളൊന്നും അർഹിക്കാത്തവിധത്തിൽ താഴെ പ്രതിപാദിക്കുന്ന വ്യവസ്ഥകളിൽ നടത്തേണ്ടതാണ്.

i) എല്ലാ കണ്ടൽ കാടു പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കി സംരക്ഷിത വനമായി പ്രഖ്യാപിക്കേണ്ടതും കണ്ടെത്തിയ പ്രദേശങ്ങളിൽ ആവശ്യമായ കണ്ടൽ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള ശ്രമം തുടങ്ങേണ്ടതുമാണ്.

ii) നിർമ്മാണ പ്രക്രിയകൾക്കിടയിൽ നശിപ്പിക്കപ്പെട്ടതോ, മുറിച്ചുമാറ്റിയതോ ആയ കണ്ടൽ ചെടികളുടെ അഞ്ചിരട്ടി നട്ടുപിടിപ്പിക്കേണ്ടതാണ്.

B. സി.ആർ.ഇസഡ്. പ്രദേശത്തിനു പുറത്ത് ഖരമാലിന്യ നിക്ഷേപത്തിനായി സ്ഥലം കണ്ടെത്തിയതിനുശേഷം നിലവിലുള്ള മാമൂൽ പ്രകാരമുള്ള ഖരമാലിന്യ നിക്ഷേപ സ്ഥലം രണ്ടു വർഷത്തിനകം സി.ആർ.ഇസഡ് പ്രദേശത്തിനു പുറത്തുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതുമാണ്.

iii) **സി.ആർ.ഇസഡ്-II പ്രദേശങ്ങളിൽ**

a) 1991 ഫെബ്രുവരി 19-ാം തിയതിയുടെ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ നിലവിലുണ്ടായിരുന്ന നഗര/ദേശീയ പദ്ധതി ആസൂത്രണ ചട്ടങ്ങളിലെ നിബന്ധനക്കനുസരിച്ച് വേണം വികസന-പുനർവികസന പ്രവർത്തനങ്ങൾ നടത്തുവാൻ, അതല്ലെങ്കിൽ ഈ വിജ്ഞാപനമനുസരിച്ചായിരിക്കണം.

b) **ചേരി പുനരധിവാസ പദ്ധതികൾ**

1 ബൃഹത് മുംബൈയിൽ ധാരാളം ചേരിപ്രദേശങ്ങളിലായി ലക്ഷക്കണക്കിന് കുടുംബങ്ങൾ വസിക്കുന്നുണ്ടെങ്കിലും ഈ ചേരികൾ യാതൊരു വിധ ആസൂത്രണവുമില്ലാതെ കുടുസ്സായതുകാരണം അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, പാതകൾ, അഴുക്കു ചാലുകൾ മുതലായവ ഇവർക്ക് ലഭ്യമാക്കുവാൻ അധികാരികൾക്കു സാധിക്കാത്തതു കാരണം ഇവരുടെ ജീവിത സാഹചര്യങ്ങൾ വളരെ ശോചനീയമാണ്. കൊടുങ്കാറ്റ്, കടൽ ക്ഷോഭം, സുനാമി എന്നിവയുണ്ടാവുമ്പോൾ സുരക്ഷാപ്രവർത്തനം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ഒഴിപ്പിക്കൽ എന്നിവയ്ക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതിൽ തീരപ്രദേശങ്ങളിലെ ചേരികൾ അങ്ങേയറ്റത്തെ അപായ സാധ്യതകളിലാണ്.

2. സംസ്ഥാന സർക്കാർ നേരിട്ടോ, സമാന്തര സംസ്ഥാന സർക്കാർ ഏജൻസികളായ മഹാരാഷ്ട്ര ഭവന വികസന അതോറിറ്റി (എം.എച്ച്.എ.ഡി.എ), ശിവശാഹി പുനർവാസൻ പ്രകല്പ ക്ലിപ്തം (എസ്.പി.പി.എൽ.), മുംബൈ മഹാനഗര മേഖലാ വികസന അതോറിറ്റി (എം.എം.ആർ.ഡി.എ) തുടങ്ങിയവ മുഖേന ഈ വിജ്ഞാപന മിറക്കിയ ദിസവം മുതൽ ചേരി പുനർ വികസന പദ്ധതി പ്രകാരം ചേരിനിവാസികൾക്ക് സുരക്ഷിതവും, സൗകര്യപ്രദവുമായ വാസസ്ഥലം ലഭ്യമാക്കാവുന്നതാണ്.

i) ഇത്തരം പുനർ വികസന പദ്ധതികൾ സംസ്ഥാന സർക്കാർ നേരിട്ടോ, സംയുക്ത സംരംഭമായോ, സർക്കാർ-സ്വകാര്യ കൂട്ടുത്തരവാദിത്തത്തിലോ, മറ്റു സമാന മാതൃകയിലോ നടപ്പാക്കുന്ന സമയത്ത് പ്രസ്തുത സംസ്ഥാന സർക്കാർ/സമാന്തര സർക്കാർ സ്ഥാപനങ്ങൾക്ക് അൻപത്തിയൊന്ന് ശതമാനത്തിൽ കുറയാതെ ഓഹരിയുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ii) ഇത്തരം പുനർ വികസന പദ്ധതികൾക്ക് അധികാരികളിൽ നിന്നും അനുമതി ലഭിക്കുന്ന തീയതിയിൽ നിലവിലുള്ള നഗര-ദേശീയ വികസന നിയന്ത്രണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിലായിരിക്കണം തറവിസ്തൃതി സൂചികയും തറവിസ്തൃതി അനുപാതവും.

iii) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾക്കനുസരിച്ച് നിയമപരമായി അവകാശപ്പെട്ടവർക്കാണ് താമസിക്കുവാൻ ഭവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതും, മുകളിൽ സൂചിപ്പിച്ച സംസ്ഥാന സർക്കരിന്റെ ചട്ടങ്ങൾ (i), (ii) അനുസരിച്ചാണ് പുനർനിർമ്മണ പദ്ധതി നടപ്പാക്കുന്നതെന്നുള്ളത് നടത്തിപ്പുക്കാരുടെ കടമയാണ്.

c) **ഇടിഞ്ഞു പൊളിഞ്ഞതും, പഴകിയതും, സരക്ഷിതവുമല്ലാത്ത കെട്ടിടങ്ങളുടെ പുനർ വികസനം.**

1. ബൃഹദ് മംബൈയിലെ സി.ആർ.ഇസഡ് പ്രദേശങ്ങളിൽ പഴകിയതും, ഇടിഞ്ഞുപൊളിഞ്ഞതും, സുരക്ഷിതമല്ലാത്തതുമായ ധാരാളം കെട്ടിടങ്ങളുണ്ട്. അവയുടെ കാലപ്പഴക്കം കാരണം. ഈ നിർമ്മിതികൾ ദുരന്ത സാധ്യതയായി നിലനിൽക്കുന്നു. ആയതിനാൽ ഇത്തരം തിരിച്ചറിയപ്പെട്ട കെട്ടിടങ്ങളുടെ പുനർവികാസമോ, പുനർനിർമ്മാണമോ അനിവാര്യമാണ്.

2. താഴെ സൂചിപ്പിക്കുന്ന നിബന്ധനകളും, സുരക്ഷാമാർഗ്ഗങ്ങളും അവലംബിച്ച് ഇത്തരം പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

   i) ഈ വിജ്ഞാപന തീയ്യതിയിൽ തിരിച്ചറിയപ്പെട്ട ഇത്തരം പുനർവികസന-പുനർനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുവാൻ ഒന്നുകിൽ ഇത്തരം കെട്ടിടങ്ങളുടെ ഉടമകളെ ഭാഗഭാക്കാക്കികൊണ്ടും, അല്ലെങ്കിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങൾക്കനുസൃതമായി സ്വകാര്യ കെട്ടിട നിർമ്മാതാക്കളെ കൊണ്ടും, അല്ലാതെ നേരിട്ടോ, സംയുക്ത സംരംഭമായോ അഥവാ സമാന മാതൃകയിലോ ചെയ്യാവുന്നതാണ്.

   ii) ഇത്തര പുനർവികസന പദ്ധതികൾക്ക്, അധികാരികളിൽ നിന്ന് അനുമതി ലഭിക്കുന്ന തീയ്യതിയിൽ പ്രാബല്യത്തിലുള്ള നഗര-ദേശീയ പദ്ധതി നിയന്ത്രണ ചട്ടങ്ങൾ പാലിക്കുന്ന വിധത്തിലായിരിക്കണം തറവിസ്തൃതി സൂചികയും, തറവിസ്തൃതി അനുപാതവും.

   iii) മുകളിൽ പ്രതിപാദിച്ച നിബന്ധന 2(i) പ്രകാരം പുനർവികസനമോ, പുനർനിർമ്മാണമോ ആരംഭിക്കുന്ന സമയത്തു തന്നെ, പ്രസ്തുത കെട്ടിടത്തിലെ യഥാർത്ഥ താമസക്കാരന് പ്രത്യേകം പരാമർശിച്ച കെട്ടിടം തന്നെ ലഭ്യമാക്കുമെന്ന് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർ ഉറപ്പാക്കേണ്ടതാണ്.

(d) ഈ വിജ്ഞാപനത്തിൽ ഉള്ളതാണെന്നിരിക്കലും, ചേരികൾ, പഴകിയതും, ഇടിഞ്ഞുപൊളിഞ്ഞതും, സുരക്ഷിതവുമല്ലാത്ത കെട്ടിടങ്ങൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾ മേൽ സൂചിപ്പിച്ച ഖണ്ഡിക (b), (c)-യിൽ പറഞ്ഞതു പ്രകാരം വ്യക്തമായ കണക്കുകളോടെയും, സുതാര്യവുമായാണ് നടക്കുന്നതെന്ന് പദ്ധതിനടത്തിപ്പുകാർ ശ്രദ്ധിക്കേണ്ടതും, അതിനായി താഴെ വിവരിക്കുന്ന രീതികൾ ബാധകമായവയ്ക്കനുസരിച്ചുള്ള കാര്യങ്ങളിൽ അവലംബിക്കാവുന്നതാണ്.

1 i) അധികാരികളുടെ അനുമതി ലഭിച്ച എല്ലാവിധ പുനർവികസന/പുനർ നിർമ്മാണ പദ്ധതികളും 2005-ലെ വിവരാവകാശ നിയമം ബാധകമായിട്ടുള്ളവയായിരിക്കണം.

   ii) മഹാരാഷ്ട്രാ സർക്കാരുമായി കൂടിയാലോചിച്ച് യോഗ്യമായ പദവിയുള്ള ആദ്യത്തെ അപ്പെലെറ്റ് അധികൃതർ, സി.പി.ഐ.ഒ. എന്നിവ രൂപീകരിക്കുന്നതായുള്ള ഒരു ഉത്തരവ് പരിസ്ഥിതി-വനം മന്ത്രാലയം പുറപ്പെടുവിക്കുന്നതാണ്.

iii) 2005 ലെ വിവരാവകാശ നിയമത്തിന്റെ വിഭാഗം നാലിൽ അനുശാസിക്കും വിധം പദ്ധതിയുടെ പൂർണ്ണരൂപവും, അവകാശികളായ ചേരിനിവാസികളുടെ പേരുകൾ പ്രഖ്യാപിക്കൽ മുതലായ ചേരി പുനരധിവാസ പദ്ധതിയുടെ വിശദരൂപം മഹാരാഷ്ട്ര സർക്കാരിന്റെ ബന്ധപ്പെട്ട അധികാരികൾക്ക് അനുമതി ലഭിക്കുന്നതിന് മുൻപായി സമർപ്പിക്കേണ്ടതാണ്.

iv) സംസ്ഥാന സർക്കാരിന്റെ നടത്തിപ്പ്/ഏജൻസി ഉപഖണ്ഡിക (v)ലെ (iii) (b), (c) എന്നിവയിൽ പരാമർശിച്ച പദ്ധതിയുടെ യോഗ്യരായ കെട്ടിട നിർമ്മാതാക്കളുടെ പേര്, പണിയുന്ന മുറികളുടെ മൊത്തം സംഖ്യ, വാസയോഗ്യമായ നിർമ്മിതികൾ ലഭ്യമാക്കുവാനുദ്ദേശിക്കുന്ന അർഹരായ ചേരിനിവാസികളുടെ പേരുകൾ, സൗജന്യമായി വിൽക്കുവാനായി ലഭ്യമായ അധിക സ്ഥലം എന്നീ വിവരങ്ങൾ പദ്ധതി പ്രദേശത്തും, നടത്തിപ്പും, പ്രാബല്യത്തിൽ വരുത്തലും ചെയ്യുന്ന ഏജൻസിയുടെ കാര്യാലയത്തിലും വലിയ വിളംബര പലകകളിലായി പ്രദർശിപ്പിക്കേണ്ടതാണ്.

v) 2005-ലെ വിവരാവകാശ നിയമം ബാധകമാക്കുവാൻ പദ്ധതി നടത്തിപ്പുകാർ സമ്മതിച്ചെങ്കിൽ മാത്രമേ ഉപഖണ്ഡിക (v)-ലെ (iii) (b), (c)-യിൽ പരാമർശിച്ച പദ്ധതികളുടെ വികസനത്തിന് അനുമതി നൽകുവാൻ പാടുള്ളൂ.

2. ഇടിഞ്ഞുപൊളിഞ്ഞതും, കാലപഴക്കം വന്നതും, സുരക്ഷിതമല്ലാത്തതുമായ കെട്ടിടങ്ങളുടെ പുനർ വികസനപദ്ധതികളുടെ പ്രവർത്തന-സാമ്പത്തിക ആഡിറ്റിംഗ് നടത്തുവാൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ (സി.ആന്റ്.ഏ.ജി)-ന്റെ പാനലിലുള്ള നിയാമിത ആഡിറ്റർമാരെ പരിസ്ഥിതി-വനം മന്ത്രാലയത്തിന് നിയമിക്കാവുന്നതാണ്. ചേരി പുനരധിവാസ പദ്ധതിയുടെ ആഡിറ്റ് സി.ആന്റ്.ഏ.ജി-യാണ് നടത്തേണ്ടത്.

3. ഖണ്ഡിക V (iii) (b), (c), എന്നിവയുടെ നടപ്പാക്കലുകൾ സമയബന്ധിതമായി വിലയിരുത്തുവാനായി ആർക്കിടെക്റ്റുകൾ, നഗര ആസൂത്രകർ, എഞ്ചിനീയർമാർ, പൗരസമൂഹം എന്നീ വിഭാഗങ്ങളിൽ നിന്നുള്ള പ്രഗത്ഭർ, കൂടാതെ പ്രാദേശിക നഗര സമിതികൾ, സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ എന്നിവയുടെ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു ഉന്നതതല വിലയിരുത്തൽ സമിതി മഹാരാഷ്ട്ര സർക്കാരിന് രൂപം നൽകാവുന്നതാണ്.

4. 2006-ലെ ഇ.ഐ.എ. വിളംബരത്തിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിയമപരമായി അർഹരായുള്ള ചേരിനിവാസികൾ അഥവാ ഇടിഞ്ഞുപൊളിഞ്ഞതും കാലഹരണപ്പെട്ടതുമായ കെട്ടിടങ്ങളിലെ നിയമപരമായി അർഹരായുള്ള നിവാസികളുടെ കാഴ്ചപ്പാടുകൾ എന്നിവ പൊതു ചർച്ചക്കെടുത്തതിനു ശേഷം മാത്രമേ ഖണ്ഡിക v (iii), (b), (c)-യിൽ വരുന്ന ഓരോ പദ്ധതികളും നടപ്പിൽ വരുത്താവൂ.

e) ബൃഹത് മുംബൈ പ്രദേശത്തെ ''ഗ്രീൻ ലംഗ്'' സംരക്ഷിച്ച് നിലനിർത്തുവാനായി സി.ആർ.ഇസഡ്-IIലെ വികസന പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ളതായ എല്ലാ തുറസ്സായ സ്ഥലങ്ങൾ, ഉദ്യാനങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ സി.ആർ.ഇസഡ് III അതായത് 'വികസന നിരോധിത മേഖല''യായി തരം തിരിച്ചിരിക്കുന്നു.

f) പൗര സബന്ധിയായ സൗകര്യങ്ങൾ, മൈതാനം, ജിംനേഷ്യം തുടങ്ങിയ കായിക-വിനോദങ്ങളു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി തറവിസ്തൃതി സൂചിക പതിനഞ്ചു ശതമാനം വരെ അനുവദിക്കാവുന്നതാണ്. എന്നാൽ, ഇത്തരം തുറസ്സായ സ്ഥലങ്ങൾ പാർപ്പിട-വിണിജ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതല്ല.

g) 1981ലെ വികസന പദ്ധതിയിൽ തിരഞ്ഞെടുത്ത മത്സ്യബന്ധന സമൂഹത്തിന്റെ വാസ പ്രദേശവും മഹാരാഷ്ട്ര സർക്കാരിന്റെ ബന്ധപ്പെട്ട രേഖകളിൽ കാണുന്ന കോളിവാഡ പോലുള്ളവയുടെ ഭൂപടം തയ്യാറാക്കി സി.ആർ.ഇസഡ് III ആയി പ്രഖ്യാപിക്കുകയുമാകയാൽ വാസയോഗ്യ മാക്കുവാൻ വേണ്ടിയുള്ള നിർമ്മിതി, പുനർനിർമ്മിതി തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഇത്തരം വാസസ്ഥലങ്ങളിൽ പ്രാദേശിക നഗരദേശീയ പദ്ധതിയുടെ നിയന്ത്രണ ചട്ടങ്ങൾക്കനു സൃതമായി മാത്രമാണ് നടപ്പിലാക്കേണ്ടത്.

h) മുൻഗണന പ്രകാരം അധികാരികളുടെ അനുവാദം ലഭ്യമായതും സംസ്ഥാന സർക്കാർ തിരിച്ചറിഞ്ഞ് തിരഞ്ഞെടുത്തതുമായ മത്സ്യബന്ധന സമൂഹത്തിന്റെയും മറ്റു പ്രാദേശിക സമൂഹത്തിന്റെയും വാസസ്ഥലങ്ങളുടെ പുനർ നിർമ്മാണവും, അറ്റകുറ്റപണികളും നഗര-ദേശീയ പദ്ധതി ചട്ടങ്ങൾക്കനുസൃതമായി, മുൻഗണന പ്രകാരം പരിഗണിക്കാവുന്നതും, അനുമതി നൽകാവുന്നതുമാണ്.

## 2. കേരളത്തിനുള്ള സി.ആർ.ഇസഡ്

കായലുകളും, കായൽ തുരുത്തുകളും സ്ഥല പരിമിതിയുമുള്ള കേരള സംസ്ഥാനത്തിന്റെ തീരനിരകളാ ലുള്ള അതുല്യമായ തീരപ്രദേശ വ്യവസ്ഥകളിലെ സി.ആർ. ഇസഡ് പ്രവർത്തനങ്ങൾ താഴെ സൂചിപ്പി ക്കുന്ന വിധത്തിൽ നിയന്ത്രിക്കേണ്ടതാണ്.

i) കേരളത്തിലെ മുഴുവൻ കായൽ തുരത്തുകളും സി.ആർ.ഇസഡ് വിജ്ഞാപനത്തിനു വിധേയമായിരിക്കും.

ii) വേലിയേറ്റ രേഖയിൽ നിന്നും കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ വീതിയിലുള്ള കായൽ തുരുത്തുകൾ സി.ആർ.ഇസഡ് പ്രദേശമായിരിക്കും.

iii) ഇത്തരം വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററുകൾക്കുള്ളിലുള്ള കായൽ തുരുത്തുകളിലെ നിലവിലുള്ള, പ്രദേശിക സമൂഹത്തിന്റെ വാസ സ്ഥലങ്ങളിൽ അറ്റകുറ്റപ്പണികളോ പുനർ നിർമ്മാണമോ അനുവദിക്കാമെങ്കിലും, പുതിയ നിർമ്മണ പ്രവൃത്തികൾ പാടില്ല.

iv) വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററുകൾക്കപ്പുറം കരയുടെ ഭാഗത്തുള്ള കായൽ തുരുത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ, പ്രാദേശിക സമൂഹത്തിനായി വാസസ്ഥലം നിർമ്മിക്കാവുന്നതാണ്.

v) വേലിയേറ്റരേഖയിൽ നിന്നും കരയുടെ ഭാഗത്തേക്ക് അൻപതു മീറ്റർ വീതിയുള്ള കായൽ തുരുത്തുകൾ മത്സ്യബന്ധനജെട്ടികൾ, മീനുണക്കൽ കളങ്ങൾ, വല നന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗതമായ രീതിയിൽ മത്സ്യസംസ്കരണ പ്രക്രിയകൾ, ബോട്ടു നിർമ്മാണ ശാലകൾ, ഐസ് പ്ലാന്റ്, ബോട്ടിന്റെ അറ്റകുറ്റപണികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ നടത്താവുന്നതാണ്.

**3. ഗോവയുടെ സി.ആർ.ഇസഡ്.**

ചരിത്രം, മറ്റു വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയുൾപ്പെടുന്ന ഗോവയുടെ സവിശേഷ സാഹചര്യങ്ങളുടെ കാഴ്ചപ്പാടിൽ പ്രത്യേക പ്രവർത്തനങ്ങൾ നിയന്ത്രിക്കുമ്പോൾ താഴെ പറയും വിധത്തിലുള്ള വിവിധതരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

i) മത്സ്യബന്ധനത്തിനും, അനുബന്ധ പ്രവൃത്തികളായ പരമ്പരാഗത മത്സ്യ പ്രക്രിയാ കളങ്ങൾ, ബോട്ട് നിർമ്മാണ അറ്റകുറ്റപണികൾ നടത്തുന്ന ശാലകൾ, വലകൾ നെയ്യുന്ന കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് സൂക്ഷിപ്പ്, ലേലപ്പുരകൾ, ജെട്ടികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ സി.ആർ.ഇസഡ്-ൽ ഒരുക്കുന്നതിനുള്ള അനുമതി ഗ്രാമപഞ്ചായത്തിനു നൽകാവുന്നതാണ്. ഇത്തരം സൗകര്യങ്ങളുള്ള മത്സ്യബന്ധന ഗ്രാമങ്ങൾ ഗോവ സർക്കാർ വിജ്ഞാപനപ്പെടുത്തേണ്ടതുമാണ്.

ii) മത്സ്യബന്ധന വിഭാഗം ഉൾപ്പെടുന്ന പ്രാദേശിക സമൂഹത്തിന്റെ നിർമ്മിതികളുടെ പുനർ നിർമ്മാണം, അറ്റകുറ്റപണിൾ എന്നിവ സി.ആർ.ഇസ്ഡ്-ൽ അനുവദിക്കാവുന്നതാണ്.

iii) സെപ്തംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ തികച്ചും താത്കാലികവും, കാലാവസ്ഥാനുസൃതവുമായ നിർമ്മിതികൾ മാമൂൽ പ്രകാരം ഏർപ്പെടുത്തൽ.

iv) ഖസാൻ കരകൾ എന്നറിയപ്പെടുന്ന വേലിയേറ്റ-വേലിയിറക്ക പ്രവർത്തനങ്ങളാൽ ബാധിതവും, പാരിസ്ഥിതികമായി ദുർബലവും ആയ താഴ്ന്ന പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കേണ്ടതാണ്.

v) ഖസാൻ കരകളിലെ കണ്ടൽമരങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും ഖസാൻകരകളുടെ പരിപാലന പദ്ധതി തയ്യാറാക്കേണ്ടതും, ഖസാൻ കരകളിൽ വികസന പ്രവർത്തനങ്ങൾ അനുവദിക്കുകയുമരുത്.

vi) മണൽ കുന്നുകൾ; തീരത്തിനോടുചേർന്ന ഉൾക്കടൽ, പാറക്കൂട്ടങ്ങൾ എന്നിവ സർവ്വെ നടത്തി ഭൂപടം തയ്യാറാക്കേണ്ടതാണ്. ഇത്തരം മണൽ കൂനകളുള്ള പ്രദേശങ്ങളിൽ യാതൊരുവിധ പ്രവർത്തനങ്ങളും അനുവദനീയമല്ല.

vii) മാൻഡ്രേം, മോർജിം, ഗാൽജീബ, അഗോണ്ട എന്നീ കടൽതീരങ്ങൾ ആമകളുടെ കൂടൊരുക്കൽ സങ്കേതമായി വക കൊള്ളിച്ചിരിക്കുന്നുതും 1972-ലെ വന്യ ജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിച്ചു മുൻനിർത്തിയിട്ടുള്ളതുമാകുന്നു. ഈ പ്രദേശങ്ങൾ സർവ്വേ നടത്തി ആമകളുടെ കൂടൊരുക്കലിന്റെ സംരക്ഷണാർത്ഥം പരിപാലന പദ്ധതി തയ്യാറാക്കേണ്ടതാണ്.

viii) ഉപഖണ്ഡിക (vii)-ൽ പരാമർശിച്ച ആമയുടെ വംശപരിപാലന പ്രദേശങ്ങളിൽ യാതൊരുവിധ വികസന പ്രവർത്തനങ്ങളും അനുവദിക്കുന്നതല്ല.

4 a) സുന്ദർബൻ തുടങ്ങിയ ജൈവവൈവിധ്യ മേഖലകൾ ഉൾപ്പെടുന്ന ഗുരുതരമായ ആപത് ഭീഷണിയുള്ള തീരമേഖലാ പ്രദേശം (സി.വി.സി.എ) പരിപാലനം മത്സ്യബന്ധന സമൂഹം അടങ്ങിയ പ്രാദേശിക തീരദേശ സമൂഹത്തിന്റെ പ്രാതിനിധ്യത്തോടെ നടപ്പാക്കണം.

b) പൂർണ്ണമായും സുന്ദർബൻ കണ്ടൽ പ്രദേശം, മറ്റു ആവാസ വ്യവസ്ഥയുടെ പ്രാധാന്യം മനസ്സിലാക്കി തിരിച്ചറിഞ്ഞ പ്രദേശങ്ങളായ ഗുജറാത്തിലെ ഖംബത്, കച്ച് എന്നീ കടലിടുക്കുകൾ,

മഹാരാഷ്ട്രയിലെ മാംവൻ, അച്റാ-രത്നഗിരി, കർണ്ണാടകത്തിലെ കാർവാർ, കുന്ദാപുര, കേരളത്തിലെ വേമ്പനാട്, തമിഴ്നാട്ടിലെ മന്നാർ കടലിടുക്ക്, ഒറീസായിലെ ബൈറ്റാർകനിക, ആന്ധ്രാപ്രദേശത്തെ കൊറിംഗ, കിഴക്കൻ ഗോദാവരി, കൃഷ്ണ തുടങ്ങിയവ ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവരും, ഇവിടത്തെ ശ്രോതസ്സുകളാൽ ഉപജീവനം കഴിക്കുന്നവരുമായ പ്രാദേശിക മത്സ്യബന്ധന വിഭാഗവും മറ്റു സമൂഹത്തിൽപെട്ടവരുമായി വിശകലനം ചെയ്ത് തീര പ്രദേശത്തെ ശ്രോതസ്സുകഠം ആവാസ വ്യവസ്ഥ മുതലായവയുടെ സംരക്ഷണം, നിലനില്പ് എന്നിവ ലക്ഷ്യമാക്കി ഉപഭോഗം കുറച്ച് പ്രസ്തുത പ്രദേശങ്ങളെ ഗുരുതരമായ ആപത് ഭീഷണിയുള്ള തീര മേഖലാ പ്രദേശങ്ങളായി (സി.വി.സി.എ) പ്രഖ്യാപിക്കുന്നതാണ്.

c) സംസ്ഥാന സർക്കാർ, പ്രാദേശിക തീരദേശ ജനസമൂഹം മത്സ്യബന്ധന വിഭാഗം തുടങ്ങിയ പ്രസ്തുത പ്രദേശങ്ങളിൽ വസിക്കുന്നവരുമായി വിശദമായി കൂടിയാലോചിച്ച് സി.വി.സി.എ-യുടെ കണ്ടെത്തി, തിരിച്ചറിയൽ പദ്ധതികഠം, വിജ്ഞാപനം, പ്രാബല്യം തുടങ്ങിയ പ്രക്രിയകളുടെ മാർഗ്ഗ നിർദ്ദേശങ്ങഠം പരിസ്ഥിതി വനം മന്ത്രാലയം തയ്യാറാക്കി വിജ്ഞാപനപ്പെടുത്തേണ്ടതാണ്.

d) കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും പ്രാദേശിക സമൂഹത്തിനാവശ്യമായ ചികിത്സാലയങ്ങഠം, പാഠശാലകഠം, പൊതു മഴമറകഠം, പൊതു ശൗചാലയങ്ങഠം, പാലങ്ങഠം, പാതകഠം, ജെട്ടികഠം, കുടിവെള്ള വിതരണം, അഴുക്കുചാൽ, സമുദ്രനിരപ്പ് ഉയർന്നാലും മറ്റു പ്രകൃതിക്ഷോഭങ്ങളാലുണ്ടാകാവുന്ന ഭവിഷ്യത്തുകഠം എന്നിവയിലുള്ള കാഴ്ചപ്പാടുകഠംക്കനുസരിച്ചും മുകളിൽ ഖണ്ഡിക അഞ്ചിൽ സൂചിപ്പിച്ച പ്രകാരവുമാണ് സി.വി.സി.എ.യുടെ സമഗ്ര പരിപാല പദ്ധതി (ഐ.എം.പി) തയ്യാറാക്കേണ്ടത്.

e) സമഗ്ര പരിപാലന പദ്ധതിയുടെ അനുമതി ലഭിച്ച് വിജ്ഞാപന മിറക്കുന്നതുവരെ ചികിത്സാലയങ്ങഠം, പാഠശാലകഠം, പൊതു മഴമറകഠം, പൊതു ശൗചാലയങ്ങഠം, പാലങ്ങഠം, പാതകഠം, കുടിവെള്ള വിതരണം, ജെട്ടികഠം, അഴുക്കുചാലുകഠം തുടങ്ങി പരമ്പരാഗത നിവാസികളുടെ ആവശ്യാർത്ഥമുള്ള നിർമ്മാണ പ്രവർത്തനങ്ങഠം മത്സ്യബന്ധന സമൂഹം ഉഠംപ്പെടുന്ന തീരദേശ സമൂഹത്തെ കണക്കിലെടുത്ത് സി.ഇസഡ്.എം.എയ്ക്ക് ഓരോ പ്രവർത്തനങ്ങഠംക്കും വെവ്വേറേ അനുമതി നൽകാവുന്നതാണ്.

(ഫയൽ നമ്പർ 11-83/2005-1A-III (ii)

ജെ.എം. മൗസ്കർ, അഡി. സെക്രട്ടറി

അനുബന്ധം- I

# തീരമേഖലാ പരിപാലന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ

1. **എ. വേലിയേറ്റ രേഖ രേഖപ്പെടുത്തൽ**

1. നാഷണൽ സെന്റർ ഫോർ സസ്റ്റെയ്നബിൽ കോസ്റ്റൽ സോണിന്റെ (എൻ.സി.എസ്.സി.സെഡ്) ശുപാർശയെ അടിസ്ഥാനമാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച ഏജൻസികളിലൊന്നു വഴിയാണ് വേലിയേറ്റ രേഖ (എച്ച്.റ്റി.എൽ)യും വേലിയിറക്ക രേഖ (എൽ.റ്റി.എൽ)യും നിർണ്ണയിക്കേണ്ടത്.
2. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ 1:25000 തോതിൽ തയ്യാറാക്കുന്ന തീരമേഖലാ പരിപാലന (സി.സെഡ്.എം) മാപ്പുകളിന്മേൽ വേലിയിറക്ക രേഖകൾ രേഖപ്പെടുത്തേണ്ടതാണ്.
3. സി.ആർ.സെഡ് നിർണ്ണയത്തിന് പ്രാദേശിക സമിതികളിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിലേയ്ക്കായി പ്രാദേശികതല സി.സെഡ്.എം. മാപ്പുകൾ തയ്യാറാക്കേണ്ടതാണ്.
4. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള സി.സെഡ്.എം. മാപ്പുകൾക്കനുസൃതമായി കെയ്ഡസ്ട്രൽ തോതിന്മേലാണ് പ്രാദേശികതല സി.സെഡ്.എം. മാപ്പുകൾ തയ്യാറാക്കേണ്ടത്.

**ബി. സി.സെഡ്.എം മാപ്പ് തയ്യാറാക്കൽ.**

5. 1:125000 അനുപാതത്തിലുള്ള അടിസ്ഥാന ഭൂപടങ്ങൾ സർവ്വേ ഓഫ് ഇന്ത്യയിൽ നിന്ന് കൈപ്പറ്റാവുന്നതാണ്. 1:25000 അനുപാതത്തിലെ ഭൂപടങ്ങൾ ലഭ്യമല്ലാത്തിടങ്ങളിൽ 1:50000 അനുപാതത്തിലെ മാപ്പുകളെ വിപുലീകരിച്ച് 1:25000 അനുപാതത്തിലാക്കി അടിസ്ഥാന മാപ്പുകൾ തയ്യാറാക്കിയെടുക്കാം. ഈ മാപ്പുകൾ ചുവടെ പറയുന്ന അടിസ്ഥാനങ്ങളിലായിരിക്കണം.

| | | |
|---|---|---|
| യൂണിറ്റ് | : | 7.5 മിനിറ്റ് X 7.5 മിനിറ്റ് |
| നമ്പരിടൽ | : | സർവ്വേ ഓഫ് ഇന്ത്യയുടെ ഷീറ്റ് നമ്പരിടൽ സംവിധാനം |
| തിരശ്ചീന അടിസ്ഥാനം | : | എവറസ്റ്റ് അല്ലെങ്കിൽ ഡബ്ളിയു.ജി.എസ്. 84 |
| ലംബ അടിസ്ഥാനം | : | ശരാശരി കടൽ നിരപ്പ് (എം.എസ്.എൽ) |
| ഭൂപ്രദേശ വിവരണം | : | എസ്.ഒ.ഐ മാപ്പുകളിലെ ഭൂപ്രദേശ വിവരങ്ങൾ ഏറ്റവും പുതിയ ഉപഗ്രഹ ചിത്രങ്ങൾ അല്ലെങ്കിൽ വിമാന വീക്ഷണ ചിത്രങ്ങൾ പ്രകാരം നവീകരിക്കേണ്ടതാണ്. |

6. അടിസ്ഥാന ഭൂപടങ്ങളിന്മേൽ അടയാളപ്പെടുത്തിയിരിക്കുന്ന ഉയർന്ന ജലനിരപ്പ് (എച്ച്.ഡബ്ളിയു.എൽ) താഴ്ന്ന ജലനിരപ്പ് (എൽ.ഡബ്ളിയു.എൽ) എന്നിവ സി.സെഡ്.എം. മാപ്പുകളിലേയ്ക്ക് പകർത്തേണ്ടതാണ്.
7. ഉപഗ്രഹ ചിത്രങ്ങൾ, വിമാനവീക്ഷണ ചിത്രങ്ങൾ, എന്നിവയിലെ തീര ദേശ ഭൂഘടനാ സവിശേഷതകൾ, ഉയർന്ന ജലനിരപ്പ്, താഴ്ന്ന ജലനിരപ്പ് എന്നിവ വേണ്ടവിധം പരിഷ്കരിച്ച് സി.ആർ.സെഡ്

വിജ്ഞാപനത്തിനനുസരിച്ച് വേലിയേറ്റവും വേലിയിറക്കവും രേഖപ്പെടുത്താം.

8. താഴെപ്പറയുന്ന ഭൂഘടന സവിശേഷതകറം വേലിയേറ്റ/വേലിയിറക്ക രേഖകളുടെ അടയാളപ്പെടുത്ത ലിൽ പരിഗണിക്കേണ്ടതാണ്. മണൽപ്പരപ്പു നിറഞ്ഞ തീരങ്ങളിൽ കരയിലേയ്ക്ക് വളഞ്ഞുള്ള മണൽ ത്തിട്ടകറം, പാറകറം, മുനമ്പുകറം, കുന്നുകറം, കടൽഭിത്തികറം/ഇടഭിത്തികറം/ചിറകറം.

9 വേലിയേറ്റ രേഖയിലെ 500 മീറ്റർ രേഖകളും 200 മീറ്റർ രേഖകളും അടയാളപ്പെടുത്തേണ്ടതാണ്.

10. ഭൂഘടനാ അടയാളങ്ങറം, മറ്റു പ്രത്യേകതകറം എന്നിവയുടെ സഹായത്തോടെ, വേലിയേറ്റ-വേലിയിറക്ക സ്വാധീനമുള്ള കരയിലെ ജലാശയങ്ങളുറംക്കൊള്ളുന്ന സി.ഇസഡ്.എം. ഭൂപടത്തിൽ സി.ആർ.ഇസഡ്. വിജ്ഞാപനത്തിൽ നിർവ്വചിച്ച പ്രകാരമുള്ള വേലിയേറ്റ രേഖയും, വേലിയിറക്ക രേഖയും അടയാളപ്പെടുത്തേണ്ടതാണ്.

11. സി.ആർ.സെഡ്. വിജ്ഞാപന പ്രകാരം വ്യത്യസ്ത തീരമേഖലകളുടെ തരംതിരിക്കൽ നടത്തേണ്ടതാണ്.

12. സ്ഥിതിവിവരങ്ങളുടെ പുന:തരം തിരിവ് പെട്ടെന്ന് തിരിച്ചറിയുവാനായി അടിസ്ഥാന ദേശീയ / അന്തർദേശീയ വർണ്ണ സൂചകങ്ങറം ഉപയോഗിക്കാവുന്നതാണ്

## സി. പ്രാദേശിക തല സി.സെഡ്.എം. മാപ്പുകറം

പ്രാദേശികതല സി.സെഡ്.എം.മാപ്പുകറം, തീരമേഖല പരിപാലന പദ്ധതികളുടെ നടത്തിപ്പ് സുഗമമാ ക്കുന്നതിനായി പ്രാദേശിക സമിതികളുടെയും മറ്റ് ഏജൻസികളുടെയും ഉപയോഗത്തിലേയ്ക്കുദ്ദേശി ച്ചുള്ളവയാണ്.

13. 1:3960 അനുപാതത്തിലോ അതിനടുത്ത അനുപാതത്തിലോ ഉള്ള കെയ്ഡസ്ട്രൽ (ഗ്രാമ) ഭൂപടങ്ങറം അടിസ്ഥാന ഭൂപടങ്ങളായി ഉപയോഗിക്കേണ്ടതാണ്.

14. അടിസ്ഥാന മാനദണ്ഡങ്ങറം പാലിച്ച് തയ്യാറാക്കിയ ഇത്തരം ഭൂപടങ്ങറം റവന്യൂ അധികൃതരിൽ നിന്നും ലഭ്യമാണ്.

15. കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ സി.സെഡ്.എം. മാപ്പുകളനുസരിച്ചുള്ള തീരഭൂഘടനാ അടയാള ങ്ങളോ പ്രത്യേകതകളോ ഉപയോഗിച്ചുള്ള വിശദമായ ബാഹ്യ പരിശോധനകളെ ആധാരമക്കിയുള്ള കെയ്ഡസ്ട്രൽ മാപ്പുകളിൽ വേലിയേറ്റ രേഖ (സി.ആർ.സെഡ്. വിജ്ഞാപനത്തിൽ പറയുന്ന പ്രകാര)യും വേലിയിറക്ക രേഖയും രേഖപ്പെടുത്തേണ്ടതാണ്.

16. വേലിയേറ്റ രേഖയുടെ 500 മീറ്റർ രേഖ 200 മീറ്റർ രേഖ, എന്നിവ അടയാളപ്പെടുത്തേണ്ടതാണ്.

17. ജിയോ മോർഫോളജിക്കൽ സിഗ്നൽ/ഫീച്ചറിന്റെ സഹായത്തോടെ വേലിയേറ്റ വേലിയിറക്ക സ്വാധീന ഉറംനാടൻ ജലാശയങ്ങളുടെ തീരങ്ങളിലുടനീളം വേലിയേറ്റ രേഖ (സി.ആർ.സെഡ്, വിജ്ഞാപനം, 1991-ൽ നിർവചിക്കും പ്രകാരമുള്ള)യും വേലിയിറക്ക രേഖയും അടയാളപ്പെടുത്തേണ്ടതാണ്.

18. സി.ഇസഡ്.എം. പദ്ധതിയിൽ നിന്നും തരംതിരിവുകറം പ്രാദേശിക തല സി.ഇസഡ്.എം. ഭൂപടങ്ങളി ലേക്ക് പകർത്തേണ്ടതാണ്.

19. സി.സെഡ്.എം. മാപ്പുകളിലെ ചിഹ്നങ്ങറം സ്വീകരിക്കാവുന്നതാണ്.

20. സി.സെഡ്.എം. മാപ്പുകളിൽ കൊടുത്തിട്ടുള്ള വർണ്ണ സൂചകങ്ങറം ഉപയോഗിക്കാവുന്നതാണ്.

21. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള പ്രദേശിക ഏജൻസികൾ വഴി കെയ്ഡസ്ട്രൽ ഭൂപടങ്ങളുടെ അടയാളപ്പെടുത്തൽ നടത്തേണ്ടതാണ്. ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണ തീരമേഖലാ പരിപാലന അധികൃതരുടെ മാർഗനിർദ്ദേശങ്ങൾ പ്രകാരമാണ് പ്രാദേശിക ഏജൻസികൾ പ്രവർത്തിക്കേണ്ടത്.

## ഡി. അപായ ഭൂപട നിർമ്മാണം.

II. സി.ആർ.സെഡ് പ്രദേശങ്ങൾ തരം തിരിക്കൽ

1. സി.ആർ.സെഡ് i, ii, iii, iv, v എന്നിവ നിജപ്പെടുത്തിയിട്ടുള്ള സി.ആർ.സെഡ് വിജ്ഞാപനം, ഖണ്ഡിക 5 പ്രകാരമായിരിക്കണം സി.സെഡ്.എം മാപ്പുകൾ തയ്യാറാക്കേണ്ടത്.

2. സി.സെഡ്.എം. മാപ്പുകൾ അതാതുപ്രദേശത്തെ കരയുപയോഗ പ്ലാൻ വ്യക്തമായി നിജപ്പെടുത്തുകയും സി.ആർ.സെഡ്-1 മേഖലകൾ പട്ടികയിൽ ചേർക്കുകയും വേണം. ഖണ്ഡിക 7(1) എ,ബി എന്നിവയിൽ ചേർത്തിട്ടുള്ള എല്ലാ സി.ആർ.സെഡ്-1 മേഖലകളും വ്യക്തമായി നിജപ്പെടുത്തേണ്ടതും ഓരോ സി.ആർ.സെഡ് 1 പ്രദേശത്തെയും കൃത്യമായി തിരിച്ചറിയാനൊക്കും വിധം വർണസൂചകങ്ങൾ ഉപയോഗിക്കുകയും വേണം.

3. 1000 ചതുരശ്രമീറ്ററിലധികം വിസ്തൃതി വരുന്ന കണ്ടൽ പ്രദേശങ്ങളോടനുബന്ധിച്ചിട്ടുള്ള കരുതൽ മേഖലയെ കണ്ടൽ പ്രദേശത്തിൽ നിന്ന് തിരിച്ചറിയാവുന്ന വിധം മാപ്പിൽ വ്യത്യസ്ത നിറത്തിൽ അടയാളപ്പെടുത്തേണ്ടതാണ്.

4. കരുതൽ മേഖലയും സി.ആർ.സെഡ് 1 പ്രദേശമായി തരം തിരിക്കേണ്ടതാണ്.

5. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം രേഖപ്പെടുത്തുന്നതായ അപായരേഖ 1:25000 അനുപാതത്തിൽ സി.ഇസഡ്, എം. ഭൂപടങ്ങളിലും കെയ്ഡസ്ട്രൽ ഭൂപടങ്ങളിലും പതിപ്പിക്കേണ്ടതാണ്.

6. മൊത്തം പ്ലോട്ട് വിസ്തൃതിയുടെ 50%ത്തിലേറെ ഭാഗത്ത് വിപുലമായ നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള പ്രദേശങ്ങളെയാണ് സി.ആർ.സെഡ്-II പ്രദേശങ്ങൾ എന്ന് പറയുന്നത്.

7. സി.ആർ.സെഡ് III മേഖലയിൽ വരുന്ന മത്സ്യബന്ധന ഗ്രാമങ്ങൾ, മത്സ്യത്തൊഴിലാളികളുടെ പൊതുവസ്തു വകകൾ, മത്സ്യബന്ധന കടവുകൾ, മത്സ്യ ഉണക്കൽത്തട്ടുകൾ, കളങ്ങൾ, ഐസ്പ്ലാന്റുകൾ എന്നിവയും തദ്ദേശവാസികൾക്കുവേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങളായ ചികിത്സാലയങ്ങൾ, റോഡുകൾ, സ്കൂളുകൾ തുടങ്ങിയവയും കെയ്ഡസ്ട്രൽ മാപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

8. സി.ആർ.സെഡ് IV-ലെ ജലമേഖലകൾ അടയാളപ്പെടുത്തേണ്ടതും, ഈ സഞ്ചയം കടലോ, കായലോ, തടാകമോ, ഉൾക്കടലോ, ചെറിയ പ്രവാഹങ്ങളോ എന്ന് വ്യക്തമായി കാണിക്കേണ്ടതുമാണ്. ജലാശയങ്ങളുടെ ഈ ഇനം തിരിക്കലുകൾക്ക് നാവിക ഹൈഡ്രോഗ്രാഫിക് കാര്യാലയത്തിന്റെ പദാവലികൾ അവലംബിക്കേണ്ടതാണ്.

9. ജലാശയങ്ങളിലെ മത്സ്യമേഖലകളും മത്സ്യപ്രത്യുൽപാദന മേഖലകളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

10. ജലത്തിന്റെ ഗുണനിലവാരത്തിന്മേൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ

അനുപാതങ്ങൾ വച്ചുള്ള മലിനീകരണയളവുകൾ സൂചിപ്പിച്ചുകൊണ്ടുവേണം ജലമേഖല കൾ നിജപ്പെടുത്തുവാൻ.

11. സി.ആർ.സെഡ്. മേഖലയിൽ വരുന്ന ഭൂവിനിയോഗ മാപ്പുകൾ I,II,III,IV മേഖലകൾ വ്യക്തമായി കാണിച്ച് സി.സെഡ്.എം.പി കളിൽ പതിപ്പിക്കണം.

12. കടൽ ദിശയിലുള്ള ഭാഗത്ത് നിലവിലുള്ള അംഗീകൃത വികസനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയും വേണം.

13. ചുഴലിക്കെടുതികളിൽ നിന്നുള്ള രക്ഷാകേന്ദ്രങ്ങൾ, മഴമറകൾ, ഹെലിപാഡുകൾ, റോഡ് ശൃംഖലകളുൾപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കൊടുങ്കാറ്റിന്റെയോ സുനാമിയുടെയോ സന്ദർഭങ്ങളിലെ രക്ഷാ/ആശ്വാസ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യത്തിലേക്കായി, സി.സെഡ്.എം. മാപ്പുകളിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതുണ്ട്.

III. 1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിനനുസൃതമായി തീരമേഖലാ പരിപാലന പദ്ധതികൾക്ക് (സി.ഇസഡ്.എം.പി) പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി.

1. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനമനുസരിച്ച് സി.ഇസഡ്.എം.പി. തയ്യാറാക്കുമ്പോൾ 1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനമനുസരിച്ച് അനുമതി നൽകിയ സി.ഇസഡ് എം.പി.. താരതമ്യം ചെയ്യേണ്ടതാണ്. 1991-ലെ സി.ആർ.ഇസഡ്. വിജ്ഞാപനത്തിനു സൃതമായി തയ്യാറാക്കി അനുമതി നേടിയ സി.ഇസഡ്.എം.പി.-യുമായി, 2011-ലെ സി.ആർ.ഇസഡ്. വിജ്ഞാപനത്തിനുസൃതമായി തയ്യാറാക്കിയ സി.ഇസഡ്.എം.പി വ്യത്യാസപ്പെട്ടിരുന്നാൽ അതിനുള്ള കാരണം ബോധിപ്പിക്കേണ്ടതാണ്.

IV. സി.സെഡ്.എം.പി.കളിന്മേലുള്ള പൊതുകാഴ്ചപ്പാടുകൾ

എ) തയ്യാറാക്കിയ കരട് സി.സെഡ്.എം.പികൾക്ക് വിപുലമായ പ്രചാരണം നൽകുകയും 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം (ഇ.പി.എ) അനുസരിച്ച് അനുബന്ധ സി.ഇസഡ്.എം.എ. ജില്ലാടിസ്ഥാനത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം സ്വരൂപി ക്കേണ്ടതുമാണ്.

ബി) കൈപ്പറ്റിയ നിർദ്ദേശങ്ങളും എതിർപ്പുകളും അടിസ്ഥാനമാക്കി സി.സെഡ്.എം.പി. പുനരാവിഷ്കരിക്കുകയും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടുകയും വേണം.

സി) അനുമതി ലഭ്യമായ സി.സെഡ്.എം.പി. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബന്ധപ്പെട്ട സംസ്ഥാനത്തെയോ കേന്ദ്രഭരണ പ്രദേശത്തെയോ സി.സെഡ്.എം.എയുടെ വെബ്സൈറ്റിലും ചേർക്കേണ്ടതും പഞ്ചായത്ത് ഓഫീസ്, ജില്ലാ കളക്ട്രേറ്റ് എന്നിവിടങ്ങളിൽ കടലാസുപ്രതികൾ ലഭ്യമാക്കുകയും വേണം.

V. **തീരമേഖല പരിപാലന പദ്ധതികളുടെ പരിഷ്കരണം**

1. ബന്ധപ്പെട്ട സംസ്ഥാനം/കേന്ദ്രഭരണ പ്രദേശത്തെ തീരമേഖലാ പരിപാലന അതോറിറ്റിയ്ക്ക് എന്തെങ്കിലും സന്ദേഹമുണ്ടെങ്കിൽ പ്രസ്തുത കാര്യം നാഷണൽ സെന്റർ ഫോർ

സസ്റ്റൈയ്നബ്ൾ കോസ്റ്റൽ മാനേജ്മെന്റിന് അയയ്ക്കാവുന്നതും, ഏറ്റവും ഒടുവിൽ കിട്ടിയ ഉപഗ്രഹ ചിത്രകങ്ങളും, ഭൂതലവിലയിരുത്തലുകളും ആധാരമാക്കി അവർ സി.ഇസഡ്.എം.പി. പരിശോധിക്കുന്നതാണ്.

2. തിരുത്തൽ വരുത്തി പരിഷ്കരിച്ച ഭൂപടം കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് അവരുടെ രേഖാ സൂക്ഷിപ്പിനായി സമർപ്പിക്കേണ്ടതാണ്.

**അനുബന്ധം- II**

**സി.ആർ.ഇസഡ്-(1 (A) ഒഴികെയുള്ള സി.ആർ.ഇസഡിൽ സംഭരണത്തിന് അനുമതിയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളുടെയും രാസോൽപ്പന്നങ്ങളുടെയും പട്ടിക:-**

i) ക്രൂഡ് ഓയിൽ

ii) ദ്രവീകൃത പെട്രോളിയം വാതകം

iii) മോട്ടോർ സ്പിരിറ്റ്

iv) മണ്ണെണ്ണ

v) ജൈവമാനിക ഇന്ധനം

vi) ഡീസൽ

vii) ലൂബ്രിക്കേറ്റിങ്ങ് ഓയിൽ

viii) ബ്യൂടെയ്ൻ

xi) പ്രൊപെയ്ൻ

x) കമ്പ്രെസ്സ്ഡ് പ്രകൃതി വാതകം

xi) നാഫ്ത

xii) ഫർണസ് ഓയിൽ

xiii) ലോ സൾഫർ ഹെവി സ്റ്റോക്ക്

xiv) ദ്രവീകൃത പ്രകൃതി വാതകം

xv) രാസവളങ്ങളും രാസവളനിർമ്മിതിക്കുള്ള അസംസ്കൃത വസ്തുക്കളും.

**അനുബന്ധം- III**

വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ ടൂറിസ്റ്റുകളെയും സന്ദർശകരെയും സി.ആർ.സെഡ് III സി.ആർ.സെഡ് II എന്നിങ്ങനെ തരം തിരിച്ചിക്കുന്ന മേഖലകളിൽ താൽക്കാലികമായി താമസിപ്പിക്കുന്നതിന് ബീച്ച് റിസോർട്ടുകളും ഹോട്ടലുകളും വികസിപ്പിക്കുന്നതിനുള്ള മാർഗരേഖ.

I. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ ടൂറിസ്റ്റുകളെയും സന്ദർശകരെയും സി.ആർ.സെഡ് III സി.ആർ.സെഡ് II മേഖലകളിൽ താൽക്കാലികമായി താമസിപ്പിക്കുന്നതിന് ഹോട്ടലുകളും ബീച്ച് റിസോർട്ടുകളും നിർമ്മിക്കുന്നത് ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായിട്ടായിരിക്കണം.

a) വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേയ്ക്കുള്ള 200 മീറ്ററുകൾക്കുള്ളിലോ വേലിയേറ്റ വേലിയിറക്ക രേഖകൾക്കിടയിലെ പ്രദേശത്തോ പദ്ധതി നടത്തിപ്പുകാർ യാതൊരു വിധത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

b) അപൽ സാധ്യതാ രേഖയ്ക്ക് പുറത്തോ, വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്ററോ ഏതാണോ കൂടുതൽ അവിടെ ഉദ്ദേശിച്ച നിർമ്മാണ പ്രവർത്തനം നടത്താവുന്നതാണ്.

c) സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിക്കുചുറ്റിലുമായി ജൈവവേലിയോ ചെടികൾ വളർത്തിക്കയറ്റിയ മുള്ളുകമ്പിവേലികളോ അനുവദിക്കുമെങ്കിലും ഇത്തരം വേലികൾ കടൽത്തീരത്തേക്ക് സുഗമമായി കടന്നുചെല്ലാൻ പൊതുജനങ്ങൾക്കുള്ള അവകാശത്തെ തടയുന്നതാകാൻ പാടില്ല.

d) ഒരു കാരണവശാലും മണൽത്തിട്ടകൾ നിരപ്പാക്കാൻ പാടുള്ളതല്ല.

e) ഗോൾപോസ്റ്റ്, നെറ്റ് പോസ്റ്റ്, വിളക്കുകാലുകൾ എന്നിവ ഒഴികെ കായികവിനോദങ്ങൾക്കാവശ്യമായ സ്ഥിരസ്വഭാവമുള്ള നിർമ്മിതികൾ അനുവദിക്കുകയില്ല.

f) ഏതെങ്കിലും തരത്തിലുള്ള നിർമ്മിതിമൂലം ഒരു പ്രദേശത്തെ ഭൂഗർഭജലത്തിന്റെ ഒഴുക്കുതടസ്സപ്പെടുകയില്ല എന്നു വ്യക്തമാക്കിക്കൊണ്ട് സംസ്ഥാനഗ്രൗണ്ട് വാട്ടർ അധികൃതരുടെ പക്കൽ നിന്നുള്ള നോ ഒബ്ജഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഭൂഗർഭ നിലയുടെ നിർമ്മിതിക്ക് അനുമതി നൽകാവൂ.

g) നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ആയതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ സംസ്ഥാന ഗ്രൗണ്ട് വാട്ടർ അധികൃതർ കണക്കിലെടുക്കേണ്ടതാണ്.

h) വികസന നിരോധിത മേഖലയിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനുവദിച്ചിട്ടില്ലെങ്കിലും തറ വിസ്തൃതി സൂചകം കണക്കാക്കുമ്പോൾ പ്ലോട്ടിന്റെ ഒരു ഭാഗം വികസന നിരോധിത മേഖലയിലാണ് ഉൾപ്പെടുന്നതെങ്കിൽ ആ ഭാഗത്തിന്റെ അളവു കൂടി കണക്കിലെടുക്കേണ്ടതാണ്.

i) ഓരോ പ്ലോട്ടിന്റെയും മൊത്തം വലുപ്പം 0.4 ഹെക്ടറിൽ കുറയാൻ പാടില്ലാത്തതും അതിൽ നടത്തിയ നിർമ്മിതികളുടെ വിസ്തീർണ്ണം എല്ലാ നിലകളിലുമായി പ്ലോട്ട് വിസ്തൃതിയുടെ 33 ശതമാനത്തിൽ കവിയാതെയുമായിരിക്കണം. അതായത് തറവിസ്തൃതി സൂചകം ഒരു കാരണവശാലും 0.33 കവിയരുത്. നിർമ്മിതികൾ നടത്തിയതിനുശേഷമുള്ള സ്ഥലം ഉചിതമായ രീതിയിൽ ചെടികൾ വളർത്തി സുന്ദരമാക്കാവുന്നതാണ്.

j) ചുറ്റുപാടുമുള്ള ഭൂപ്രകൃതിക്കും പ്രാദേശികമായ വാസ്തു ശില്പശൈലിക്കും ഇണങ്ങുന്നതായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ.

k) നിർമ്മിതികളുടെ മേൽക്കൂരയുടെ ഏറ്റവും ഉയർന്ന ഭാഗത്തിന്റെ ഉയരം പരമാവധി ഒമ്പതു മീറ്ററായിരിക്കണം. പരമാവധി രണ്ടു നിലകളിലായിരിക്കണം കെട്ടിടങ്ങൾക്കുണ്ടായിരിക്കേണ്ടത്. (ഭൂനിരപ്പിലെ നിലയും, അതിനുമേൽ ഒരു നിലയും)

l) വേലിയേറ്റ രേഖയുടെ 200 മീറ്ററിനുള്ളിൽ ഭൂഗർഭജലം ശേഖരിക്കാൻ പാടില്ല. 200-500 മീറ്റർ പരിധിക്കുള്ളിൽ കേന്ദ്ര-സംസ്ഥാന ഭൂഗർഭജല ബോർഡുകളുടെ അനുമതിയോടെ മാത്രമേ ഭൂഗർഭജലം ശേഖരിക്കാവൂ.

m) കെട്ടിടങ്ങളുടെ അടിത്തറ, നീന്തൽക്കുളം എന്നിവ നിർമ്മിക്കാനല്ലാതെ മറ്റു യാതൊരു പ്രവർത്തനത്തിനും വേലിയേറ്റ രേഖയുടെ 500 മീറ്ററിനുള്ളിൽ മണലൂറ്റ് മണൽ നിരപ്പാക്കൽ, മണൽ കുഴിക്കൽ എന്നിവ അനുവദിക്കുന്നതല്ല.

n) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് സംസ്കരിച്ച മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ, പുറന്തള്ളുന്ന പുക, ശബ്ദത്തിന്റെ തോത് തുടങ്ങിയവ കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ഉൾപ്പെടെയുള്ള അധികൃതസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന തോതുമായി പൊരുത്തപ്പെടുന്നതും 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമ വിധേയവുമായിരിക്കണം.

o) പാഴ് വസ്തുക്കളുടെയും ഖരമാലിന്യങ്ങളുടെയും സംസ്കരണത്തിന് അവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. സംസ്കരിക്കാത്ത പാഴ് വസ്തുക്കളോ ഖരമാലിന്യങ്ങളോ ഒരു കാരണവശാലും തീരത്തോ വെള്ളത്തിലോ പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തണം.

p) പൊതുജനങ്ങൾക്ക് കടൽത്തീരത്തേയ്ക്ക് പ്രവേശിക്കുന്നതിന് രണ്ടു ഹോട്ടലുകൾക്ക്/റിസോർട്ടുകൾക്ക് മധ്യേ ചുരുങ്ങിയത് 20 മീറ്റർ വീതിയിൽ ഇടനാഴി അനുവദിക്കണം. ഇത്തരം രണ്ട് ഇടനാഴികൾ തമ്മിൽ 500 മീറ്ററിലധികം അകലാൻ പാടില്ല.

q) പദ്ധതിയുടെ ഭാഗമായി വനഭൂമിയെ വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന് 1980-ലെ വനം (സംരക്ഷണം) നിയമം പ്രകാരമുള്ള അനുമതി സമ്പാദിക്കേണ്ടതാണ്. കേന്ദ്ര, സംസ്ഥാന തലങ്ങളിലുള്ള മറ്റേതെങ്കിലും നിയമം പദ്ധതിക്കു ബാധകമാണെങ്കിൽ അവയും പരിഗണിക്കേണ്ടിയിരിക്കുന്നു.

r) സംസ്ഥാന/കേന്ദ്രഭരണ പ്രദേശത്തെ വിനോദ സഞ്ചാര വകുപ്പിന്റെ അനുമതി സമ്പാദിക്കേണ്ടതാണ്.

**II.** പാരിസ്ഥിതികമായ ദുർബലമായ പ്രദേശങ്ങളിൽ (ഉദ: സമുദ്രോദ്യാനങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മീനുകളുടെ മുട്ടയിടൽ സങ്കേതങ്ങൾ, വന്യജീവി സങ്കേതങ്ങൾ, കേന്ദ്രം/സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം നിഷ്കർഷിക്കുന്ന ഇതര പ്രദേശങ്ങൾ) ബീച്ച് റിസോർട്ടുകൾ/ ഹോട്ടലുകൾ എന്നിവ നിർമ്മിക്കാൻ അനുവദിക്കില്ല.

അനുബന്ധം IV

## ഫോറം 1 സി.ആർ.സെഡ് വിജ്ഞാപനം ബാധകമായ അനുമതി തേടുന്നതിന്.

അടിസ്ഥാന വിവരം:

പദ്ധതിയുടെ പേര്:

ഉദ്ദേശിക്കുന്ന സ്ഥലം/ ബദൽ സ്ഥലം:

പദ്ധതിയുടെ വിസ്തൃതി (മൊത്തം സ്ഥല വിസ്തൃതി):

പ്രദേശത്തിന്റെ സി.ആർ.സെഡ് തരംതിരിവ്:

മതിപ്പു ചെലവ്:

ബന്ധപ്പെടുന്നതിനുള്ള വിവരം:

**II. പ്രവർത്തനം**

1 ആ പ്രദേശത്തിന് പദ്ധതിയുടെ നിർമ്മാണം, പ്രവർത്തനം, അഴിച്ചുമാറ്റൽ എന്നിവ മൂലമുണ്ടാകുന്ന ഭൗതികമായ മാറ്റങ്ങൾ (ഭൂഘടന ഭൂവിനിയോഗം, ജലശേഖരങ്ങൾക്കുണ്ടാകുന്ന മാറ്റം)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 1.1 | ഭൂവിനിയോഗം, ഭൂഘടന, ഭൂസ്വഭാവം, ഭൂവിനിയോഗ സാന്ദ്രതാ വർദ്ധന തുടങ്ങി പദ്ധതിമൂലമുണ്ടാകുന്ന സ്ഥിരവും താൽക്കാലികവുമായ മാറ്റങ്ങൾ (പ്രാദേശികമായ ഭൂവിനിയോഗ സ്വഭാവവുമായി താരതമ്യത്തിൽ) | | |
| 1.2 | അംഗീകൃത തീരമേഖലാ പരിപാലന പദ്ധതി പ്രകാരം സി.ആർ.സെഡ് തരം തിരിവ് സംബന്ധമായ വിവരങ്ങൾ | | |
| 1.3. | സി.ആർ.സെഡ് I പ്രദേശത്താണോ | | |
| 1.4. | സി.ആർ.സെഡ് I പ്രദേശത്തുനിന്നുള്ള അകലം | | |
| 1.5. | വനം-പരിസ്ഥിതി മന്ത്രാലയം അഥവാ ദേശീയ ആപൽ നിയന്ത്രണ അതോറിറ്റി നിർദ്ദേശിച്ചിരിക്കുന്ന ആപൽ സാധ്യതാ പ്രദേശത്താണോ പദ്ധതി. | | |
| 1.6. | ചുഴലിക്കാറ്റ്, സുനാമി, ഭ്രാന്തൻ തിരകൾ, ഭൂചലനം എന്നിവയ്ക്ക് പദ്ധതി പ്രദേശത്തു സാധ്യതയുണ്ടോ. | | |

| | | | |
|---|---|---|---|
| 1.7 | ഒരു വെള്ളക്കയറ്റത്തിനു സാധ്യതയുണ്ടോ | | |
| 1.8 | നിലവിലുള്ള ഭൂമി, കൃഷി, കെട്ടിടങ്ങൾ എന്നിവയ്ക്ക് അനുമതിയുണ്ടോ. | | |
| 1.9 | പുതിയ ഭൂവിനിയോഗം ആവശ്യമാണോ | | |
| 1.10 | ബോർഹോൾ, മണ്ണുപരിശോധന തുടങ്ങി നിർമ്മാണ പൂർവ്വപരിശോധനകൾ ആവശ്യമാണോ. | | |
| 1.11 | നിർമ്മാണ പ്രവർത്തനങ്ങൾ? | | |
| 1.12 | പൊളിച്ചു നീക്കൽ പ്രവൃത്തികൾ | | |
| 1.13 | നിർമ്മാണാവശ്യങ്ങൾക്കോ തൊഴിലാളികളുടെ താമസത്തിനോ താലിക്കാലിക നിർമ്മിതികൾ ആവശ്യമായി വന്നോ? | | |
| 1.14 | ഭൂനിരപ്പിനു മുകളിലുള്ള കെട്ടിടങ്ങൾ, മൺവേലകൾ തുടങ്ങിയവ? | | |
| 1.15 | ടണൽ നിർമ്മാണം, ഖനനം തുടങ്ങി ഭൂനിരപ്പിനു താഴെയുള്ള ജോലികൾ? | | |
| 1.16 | ഭൂനികത്തൽ വേലകൾ | | |
| 1.17 | മണ്ണെടുക്കൽ, നികത്തൽ, നിരപ്പാക്കൽ, കുഴിച്ചെടുത്ത വസ്തുക്കൽ പുറന്തള്ളൽ മുതലായവ? | | |
| 1.18 | തീരം വിട്ടുള്ള നിർമ്മിതികൾ | | |
| 1.19 | ഉൽപാദന, ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങൾ? | | |
| 1.20 | വസ്തുക്കളുടെ സൂക്ഷിപ്പ് സൗകര്യങ്ങൾ | | |
| 1.21 | ഖരമാലിന്യങ്ങളുടെയും ദ്രാവകമാലിന്യങ്ങളുടെയും സംസ്കരണത്തിനു വേണ്ട സൗകര്യങ്ങൾ? | | |
| 1.22 | പദ്ധതി തൊഴിലാളികളുടെ താമസത്തിനു ദീർഘകാല ഭവന പദ്ധതികൾ? | | |
| 1.23 | നിർമ്മാണ ഘട്ടത്തിലോ പിന്നീടോ പുതിയ റോഡ്, റെയിൽ, സമുദ്രപാത നിർമ്മാണം. | | |

| | | | |
|---|---|---|---|
| 1.24 | പുതിയ റോഡ്, റെയിൽ, വായു, ജല-അല്ലെങ്കിൽ മറ്റേതെങ്കിലും ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യ നിർമാണമോ തുറമുഖ, വിമാനത്താവള നിർമ്മാണമോ? | | |
| 1.25 | നിലവിലുള്ള എതെങ്കിലും ഗതാഗത പാത അടച്ചു പൂട്ടുകയോ ദിശമാറ്റുകയോ ചെയ്യുന്നുണ്ടോ. | | |
| 1.26 | പുതിയതോ ദിശമാറ്റിയതോ ആയ സംവഹന കുഴലുകളും പൈപ്പ് ലൈനുകളും | | |
| 1.27 | ഡാം, കലുങ്ക് നിർമ്മാണം തുടങ്ങി ജലശാസ്ത്രപരമായ ഇടപെടലുകളോ ഭൂഗർഭജലശേഖരത്തിനുണ്ടാകുന്ന മാറ്റങ്ങളോ? | | |
| 1.28 | നദിയോ പുഴയോ കുറുകെ കടക്കുന്നുണ്ടോ? | | |
| 1.29 | ഭൂഗർഭജലത്തെ ഉപരിജലമാക്കി മാറ്റുന്നതുപോലെയുള്ള മാറ്റങ്ങൾ എന്തെങ്കിലും? | | |
| 1.30 | മലിനജല സഞ്ചാരത്തെയോ ജലനിർഗമനത്തെയോ തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എന്തെങ്കിലും? | | |
| 1.31 | നിർമ്മാണം, പ്രവർത്തനം, അഴിച്ചുകൊണ്ടുപോകൽ എന്നിവയ്ക്കായി വ്യക്തികളെയോ വസ്തുക്കളെയോ കൊണ്ടുപോകേണ്ടതായി വരുന്നുണ്ടോ? | | |
| 1.32 | പൊളിക്കൽ, അഴിച്ചുകൊണ്ടുപോകൽ എന്നിവ ദീർഘ കാലാടിസ്ഥാനത്തിൽ ചെയ്യേണ്ടിവരുന്നുണ്ടോ? | | |
| 1.33 | അഴിച്ചുകൊണ്ടുപോകൽ ജോലിക്കിടെ പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ എന്തെങ്കിലും | | |
| 1.34 | സ്ഥിരമോ താൽക്കാലികമോ ആയി കൂടുതൽ വ്യക്തികളെ ഇറക്കേണ്ടിവരുന്നുണ്ടോ? | | |
| 1.35 | അപരിചിതമായ ജീവിവർഗങ്ങളെ പരിചയപ്പെടൽ? | | |
| 1.36 | തദ്ദേശിയ ജീവിവർഗങ്ങൾക്കോ ജൈവ വൈവിധ്യത്തിനോ ഭീഷണിയുണ്ടോ? | | |
| 1.37 | മറ്റേതെങ്കിലും പ്രവർത്തനങ്ങൾ? | | |

2. പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനും പ്രകൃതി വിഭവങ്ങളുടെ ഉപയോഗം (ഭൂമി, വെള്ളം, വസ്തുക്കൾ, ഊർജ്ജം പുനരുജ്ജീവനക്ഷമമല്ലാത്തതോ കുറഞ്ഞ തോതിൽ മാത്രം ലഭ്യമായതോ ആയ വിഭവങ്ങൾ)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 2.1 | പ്രത്യേകിച്ചും, വികസനമില്ലാത്തതോ കൃഷി ഭൂമിയോ ആയ ഭൂമി | | |
| 2.2 | ജലം പ്രതീക്ഷിക്കുന്ന സ്രോതസ്, അതിനെ ആശ്രയിക്കുന്ന മറ്റുള്ളവർ) ഏകകം, കെ.എൽ.ഡി | | |
| 2.3 | മൂലകങ്ങൾ (M.T.) | | |
| 2.4 | നിർമ്മാണ സാമഗ്രകൾ-കല്ല്, കൂട്ടുവസ്തുക്കൾ, മണ്ണ്/മണൽ (പ്രതീക്ഷിക്കുന്ന സ്രോതസ്-M.T) | | |
| 2.5 | വനം, തടി (സ്രോതസ്-MT) | | |
| 2.6 | വൈദ്യുതിയും ഇന്ധനവുമുൾപ്പെടെ ഊർജ്ജം (സ്രോതസ്, അതിനെ ആശ്രയിക്കുന്ന മറ്റുള്ളവർ) ഏകകം:ഇന്ധനം (M.T) ഊർജ്ജം (M.W) | | |
| 2.7 | മറ്റേതെങ്കിലും പ്രകൃതിവിഭവം (ഉചിതമായ സ്റ്റാൻഡാർഡ് ഏകകങ്ങൾ ഉപയോഗിക്കുക) | | |

3. മനുഷ്യരുടെ ആരോഗ്യത്തിനോ പരിസ്ഥിതിക്കോ ഭീഷണിയുയർത്തുകയോ അപയാകരമെന്നു കരുതപ്പെടുന്നതോ ആയ വസ്തുക്കൾ പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം സൂക്ഷിപ്പ്, കൈകാര്യം ചെയ്യൽ, ഉൽപാദനം.

| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 3.1 | (എം.എസ്.ഐ.എച്ച്.സി നിയമപ്രകാരം) മനുഷ്യരുടെ ആരോഗ്യത്തിനോ (സസ്യങ്ങൾ, ജീവജാലങ്ങൾ, വെള്ളം എന്നിങ്ങനെ) പരിസ്ഥിതിക്കോ ആപൽക്കരമായ വസ്തുക്കളുടെയും പദാർത്ഥങ്ങളുടെയും ഉപയോഗം. | | |
| 3.2 | രോഗകാരണങ്ങളിലോ രോഗകാരകങ്ങളിലോ (ഉദാ: ഷഡ്പദങ്ങൾ, ജലജന്യരോഗങ്ങൾ) മാറ്റങ്ങളുണ്ടാക്കുന്നുണ്ടോ. | | |

| | | | |
|---|---|---|---|
| 3.3 | പൊതുജനക്ഷേമത്തെ ബാധിക്കുന്നുണ്ടോ? ഉദാ: ജീവിത സാഹചര്യങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട്. | | |
| 3.4 | പദ്ധതിമൂലം ദുരിതമനുഭവിക്കാനിടയാകുന്ന ദുർബലജന വിഭാഗങ്ങൾ. ഉദാ: ആശുപത്രിയിലെ രോഗികൾ, കുട്ടികൾ, പ്രായം ചെന്നവർ. | | |
| 3.5 | മറ്റേതെങ്കിലും കാരണങ്ങൾ. അവ പ്രാദേശിക ജന വിഭാഗങ്ങൾ, മത്സ്യബന്ധന തൊഴിലാളികൾ അവരുടെ ഉപജീവനം, പരമ്പരാഗത പ്രാദേശിക സമൂഹത്തിന്റെ വാസ സ്ഥലത്തെ ബാധിക്കാൻ സാധ്യതയുണ്ടോ? | | |

4. നിർമ്മാണ, പ്രവർത്തന, അഴിച്ചുകൊണ്ടുപോകൽ സമയത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖര മാലിന്യങ്ങൾ (MT പ്രതിമാസം)

| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 4.1 | സ്പോയിൽ അല്ലെങ്കിൽ ഖനന ജന്യമാലിന്യങ്ങൾ | | |
| 4.2 | നഗര മാലിന്യങ്ങൾ (ഗാർഹികവും വാണിജ്യ പരവുമായ പാഴ്‌വസ്തുക്കൾ) | | |
| 4.3 | ആപൽ സാധ്യതയുള്ള മാലിന്യങ്ങൾ (ആപൽ സാധ്യതയുള്ള പാഴ്‌വസ്തുക്കൾ കൈകാര്യം ചെയ്യൽ നിയമപ്രകാരം) | | |
| 4.4 | മറ്റു വ്യവസായ പ്രവർത്തനത്തിലെ പാഴ്‌വസ്തുക്കൾ | | |
| 4.5 | അധിക ഉൽപ്പന്നം | | |
| 4.6. | ഓടികളിലെയോ പാഴ്‌വസ്തു സംസ്കരണ ശാലകളിലെയോ മേൽപ്പാളി. | | |
| 4.7 | നിർമ്മാണത്തിലെ/പൊളിച്ചുമാറ്റലിലെ പാഴ്‌വസ്തു | | |
| 4.8 | അധികമായ മെഷിനുകൾ, ഉപകരണങ്ങൾ | | |
| 4.9 | മാലിന്യം കലർന്ന മണ്ണും ഇതരവസ്തുക്കളും | | |
| 4.10 | കാർഷിക പാഴ്‌വസ്തുകൾ | | |
| 4.11 | മറ്റു ഖരമാലിന്യങ്ങൾ | | |

5. മാലിന്യ കാരണങ്ങൾ, ആപൽകാരണങ്ങൾ, വിഷവസ്തുക്കൾ, അരോചക പദാർത്ഥങ്ങൾ എന്നിവ വായുവിലേക്കു തുറന്നു വിടുന്നത് (കിലോഗ്രാം/മണിക്കൂർ)

| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉണ്ട്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 5.1 | നിർത്തിയിട്ടോ ചലിച്ചുകൊണ്ടോ പ്രവർത്തിക്കുന്ന സ്രോതസുകളിൽ ഫോസിൽ ഇന്ധനങ്ങൾ കത്തുമ്പോൾ പുറന്തള്ളപ്പെടുന്ന പുക. | | |
| 5.2 | ഇൽപാദന പ്രവർത്തനത്തിനിടയിൽ പുറന്തള്ളപ്പെടുന്ന പുക | | |
| 5.3 | പദാർത്ഥങ്ങളുടെ സൂക്ഷിപ്പ്, ഗതാഗതം എന്നിവയുടെ ഭാഗമായി പുറന്തള്ളപ്പെടുന്ന പുക | | |
| 5.4 | പ്ലാന്റുകളും ഉപകരണങ്ങളും ഉൾപ്പെടെ ഉൽപ്പാദന പ്രവർത്തനത്തിനിടയിൽ പുറന്തള്ളപ്പെടുന്ന പുക | | |
| 5.5 | നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള പദാർത്ഥങ്ങൾ, അഴുക്കുവെള്ളം, പാഴ്‌വസ്തുക്കൾ എന്നിവ കൈകാര്യം ചെയ്യുന്നതിനിടെ പുറന്തള്ളപ്പെടുന്ന പൊടിയും ഗന്ധവും | | |
| 5.6 | പാഴ്‌വസ്തുക്കൾ ഇൻസിനറേറ്ററിൽ കത്തിക്കുമ്പോഴുണ്ടാകുന്ന പുക. | | |
| 5.7 | തുറന്ന അന്തരീക്ഷത്തിൽ പാഴ്‌വസ്തുക്കൾ കത്തിക്കുമ്പോഴുണ്ടാകുന്ന പുക | | |
| 5.8 | മറ്റേതെങ്കിലും സ്രോതസിൽ നിന്നുള്ള പുക | | |

6. ശബ്ദം, കമ്പനം, പ്രകാശം, ചൂട്, എന്നിവയുടെ ആവിർഭാവവും പുറന്തള്ളലും.

| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉണ്ട്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 6.1 | ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ നിന്ന് ഉദാ: എൻജിനുകൾ, വെന്റിലേഷൻ പ്ലാന്റുകൾ, ക്രഷറുകൾ. | | |
| 6.2 | വ്യാവസായികമോ സമാനമോ ആയ പ്രവർത്തനങ്ങളിൽ നിന്ന് | | |

| | | | |
|---|---|---|---|
| 6.3 | നിർമ്മാണം അല്ലെങ്കിൽ പൊളിച്ചുമാറ്റലിൽ നിന്ന് | | |
| 6.4 | പൊട്ടിക്കൽ അല്ലെങ്കിൽ പൈലെടുക്കുന്നതിൽ നിന്ന് | | |
| 6.5 | നിർമ്മാണ സംബന്ധമായ ഗതാഗതത്തിൽ നിന്ന് | | |
| 6.6 | വെളിച്ചം കൊടുക്കുകയോ ശീതീകരിക്കുകയോ ചെയ്യുമ്പോൾ | | |
| 6.7 | മറ്റേതെങ്കിലും സ്രോതസിൽ നിന്ന്. | | |
| 7. | മാലിന്യകാരണങ്ങളെ ഭൂമിയിലേക്കോ ഓടകളിലേക്കോ ഉപരിതല ജലത്തിലേക്കോ ഭൂഗർഭജലത്തിലേക്കോ തീരദേശ ജലത്തിലേക്കോ സമുദ്രതതിലേക്കോ തുറന്നുവിടുന്നതുവഴി കരയ്ക്കും വെള്ളത്തിനുമുണ്ടാകുന്ന മലി നീകരണ ഭീഷണി | | |
| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
| 7.1 | ആപൽ സാധ്യതയുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനിടെയോ സൂക്ഷിപ്പിനിടെയോ തുളുമ്പിവീണതിൽ നിന്നോ. | | |
| 7.2 | ഓടമാലിന്യം അല്ലെങ്കിൽ ഇതര മാലിന്യങ്ങൾ കരയിലോ വെള്ളത്തിലോ എത്തിച്ചേരുക വഴി (ഇതിനായി പ്രതീക്ഷിക്കുന്ന മാർഗവും നിക്ഷേപിക്കുന്ന സ്ഥലവും) | | |
| 7.3 | വായുവിലേക്കു തുറന്നുവിട്ട മാലിന്യകാരണങ്ങൾ കരയിലോ വെള്ളത്തിലോ ചെന്നെത്തുക വഴി | | |
| 7.4 | മറ്റേതെങ്കിലും സ്രോതസിൽ നിന്ന് | | |
| 7.5 | ഈ സ്രോതസുകളിൽ നിന്ന ദീർഘകാലം പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ മുഖേന പരിസ്ഥിതിക്ക് എന്തെങ്കിലും ആഘാതമുണ്ടാകാനിടയുണ്ടോ? | | |

8. മനുഷ്യരുടെ ആരോഗ്യത്തെയോ പരിസ്ഥിതിയെയോ ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ള അപകടങ്ങൾക്ക് പദ്ധതിയുടെ നിർമ്മാണത്തിനോ നടത്തിപ്പിനോ ഇടയിൽ സാധ്യതയുണ്ടോ?

| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 8.1 | അപകട സാധ്യതയുള്ള വസ്തുക്കളാൽ സ്ഫോടനങ്ങൾ, തുളുമ്പി വീഴലുകൾ, തീപിടുത്തം മുതലായവ സൂക്ഷിപ്പിനോ നടത്തിപ്പിനോ ഇടയിൽ ഉണ്ടാകുക വഴി | | |
| 8.2 | മറ്റേതെങ്കിലും കാരണം കൊണ്ട് | | |
| 8.3 | പ്രകൃതിക്ഷോഭങ്ങൾ പദ്ധതിയെ ബാധിക്കുകയും അതുവഴി പരിസ്ഥിതി നാശത്തിനിടയാക്കുകയും ചെയ്യാനിടയുണ്ടോ (ഉദാ: പ്രളയം, ഭൂമികുലുക്കം, മണ്ണിടിച്ചിൽ തുടങ്ങിയവ) | | |

9. പദ്ധതി പ്രദേശത്ത് നിലവിലുള്ളതോ ഭാവിയിൽ വരാനിടയുള്ളതോ ആയ പ്രവർത്തനങ്ങളുമായി ചേരുമ്പോൾ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കോ സഞ്ചിതാഘാതങ്ങൾക്കോ ഇടയാക്കാവുന്ന ഘടകങ്ങൾ (ഉദ: തുടർ വികസനം)

| നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ അവയുടെ സ്രോതസ് (മതിപ്പു നിരക്ക് അളവ് തുടങ്ങിയവ) |
|---|---|---|---|
| 9.1 | തുടർ വികസനത്തിലേക്കു നയിക്കാവുന്ന ഘടകങ്ങൾ- ഉപവികസനം, പാർശ്വവികസനം എന്നിങ്ങനെ പരിസ്ഥിതിയിൽ ആഘാത മേൽപ്പിക്കാൻ കഴിഞ്ഞേക്കാവുന്ന ഘടകങ്ങൾ അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ (റോഡുകൾ, ഊർജവിതരണ സംവിധാനം, പാഴ് വസ്തു-പാഴ്ജല സംസ്കരണം മുതലായവ). ഭവന നിർമ്മാണ വികസനം സത്തെടുക്കൽ വ്യവസായങ്ങൾ വിതരണ വ്യവസായങ്ങൾ മറ്റേതെങ്കിലും | | |
| 9.2 | പദ്ധതി പ്രദേശത്ത് അവശേഷിക്കുന്ന ഭൂമി. അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതം | | |
| 9.3 | തുടർവികസനങ്ങൾക്ക് പദ്ധതിയിൽ ഇടമുണ്ടോ | | |

9.4 ഇതേ പ്രത്യോഘാതങ്ങൾ ഉളവാക്കുന്ന സമാന സ്വഭാവ
മുള്ള പദ്ധതികൾ സമീപത്തു തന്നെയുള്ളതിനാൽ
അവയുമായി ചേർന്ന് സഞ്ചിത പ്രത്യാഘാതത്തിനു സാധ്യതയുണ്ടോ

| III. പാരിസ്ഥിതിക ലോലത | | | |
|---|---|---|---|
| ക്രമ നമ്പർ | മേഖലകൾ | പേര്/ അടയാളം | നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ അതിർത്തി. വായു മാർഗേന യുള്ള ദൂരം (15 കിലോ മീറ്ററിനു ള്ളിൽ) |
| 1. | പാരിസ്ഥിതികമോ ഭൂ സൗന്ദര്യപരമോ സാംസ്കാരികമോ മറ്റേതെങ്കിലും കാരണത്താലോ രാജ്യാന്തര കൺവൻഷനുകൾ ദേശീയമോ പ്രദേശികമോ ആയ നിയമനിർമ്മാണം എന്നിവ മൂലം സംരക്ഷിതമായ പ്രദേശം. | | |
| 2. | ജലശേഖരം, ജലപാത, ജലാശയം, തീരമേഖല, ജൈവമണ്ഡലം, മലകൾ, വനഭൂമി എന്നീത്യാദി കാരണങ്ങളാൽ പാരിസ്ഥിതിക പ്രധാനമോ പാരിസ്ഥിതിക ലോലമോ ആയ പ്രദേശങ്ങൾ. | | |
| 3. | സംരക്ഷിതമോ പ്രാധാന്യമുള്ളതോ ലോലമോ ആയ ജന്തു സസ്യ വർഗ്ഗങ്ങൾ പ്രവർത്തനത്തിനോ, കൂടുകൂട്ടലിനോ, തീറ്റതേടലിനോ, വിശ്രമത്തിനോ, ശീതകാല വാസത്തിനോ,ദേശാടനത്തിനോ ഉപയോഗിക്കുന്ന പ്രദേശങ്ങൾ. | | |
| 4. | ഉൾനാടൻ, തീരദേശ, സമുദ്ര, ഭൂഗർഭ ജലമേഖലകൾ. | | |
| 5. | സംസ്ഥാന, ദേശീയ അതിർത്തികൾ | | |
| 6. | വിനോദോപാധികൾ, ഉല്ലാസയാത്രകൾ, തീർത്ഥയാത്രകൾ എന്നിത്യാദി ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ യാത്ര ചെയ്തു പോരുന്ന വഴികൾ സൗകര്യ പ്രദേശങ്ങൾ. | | |
| 7. | പ്രതിരോധ സ്ഥാപനങ്ങൾ | | |
| 8. | ജനസാന്ദ്രതയേറിയതോ നിർമ്മിതികൾ നിറഞ്ഞതോ ആയ പ്രദേശം | | |

| | | | |
|---|---|---|---|
| 9. | വൈകാരികവും മനുഷ്യനിർമ്മിതവുമായ ഭൂവിനിയോഗ പദ്ധതികളുടെ സ്ഥലം (ആശുപത്രികൾ, സ്കൂകളുകൾ, ആരാധനാലയങ്ങൾ, പൊതുസൗകര്യ കേന്ദ്രങ്ങൾ) | | |
| 10. | പ്രധാന്യമുള്ളതോ ഉയർന്ന ഗുണനിലവാരമുള്ളതോ ദുർലഭമോ ആയ വിഭവങ്ങളുള്ള പ്രദേശം (ഭൂഗർഭജലവിഭവം, ഉപരിതല വിഭവം, വനം, കൃഷി, മത്സ്യബന്ധനം, വിനോദസഞ്ചാരം, ധാതുക്കൾ) | | |
| 11. | മലിനീകരണത്തിനോ പാരിസ്ഥിതിക നഗരത്തിനോ ഇതിനകം ഇടയായിത്തീർന്ന സ്ഥലങ്ങൾ (നിലവിലുള്ള പാരിസ്ഥിതിക നിയമമാനദണ്ഡങ്ങൾ അതിലംഘിക്കപ്പെട്ടുകഴിഞ്ഞ സ്ഥലങ്ങൾ) | | |
| 12. | പരിസ്ഥിതിക്കു ഭീഷണിയായി മാറുന്നവിധം പദ്ധതിയുടെ തകർച്ചയ്ക്കുകാരണമാകാവുന്ന പ്രകൃതി ക്ഷോഭങ്ങൾക്കു സാധ്യതയുള്ള സ്ഥലം (ഭൂമി കുലുക്കം, മണ്ണിടിച്ചിൽ, മണ്ണൊലിപ്പ്, പ്രളയം, അങ്ങേയറ്റം ദുർവഹമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിങ്ങനെ) | | |